Registered No. M-4485

Madras War Review, Malayalam—29-6-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂൺ 29-ാംനു, വെള്ളിയാഴ്ച [ലക്കം 41



## ലോക സഹകരണ രേഖ

യൂറോപ്പിൽ നേടിയ വിജയത്തിനും, ജപ്പാന്നെതിരായി നേടാനിരിക്കുന്ന അന്ത്യവിജയത്തിനും ഇടയ്ക്ക്, ഈ യുദ്ധത്തിന്നു തന്നെ എതിരായി നിങ്ങൾ വിജയിച്ചു. ഈ യുദ്ധകാലത്തു നാം പരീക്ഷിച്ചപ്പോൾ സഹകരണതത്വം എങ്ങിനെ പ്രവർത്തിക്കുമെന്നു നമുക്കു മനസ്സിലായി.

നമ്മുടെ മഹൽകൃത്യത്തെ ആശ്രയിച്ചാണ് എല്ലാവരുടേയും ആശ—സ്വാതന്ത്ര്യവും മാന്യവുമായ ഒരു ജീവിതരീതിയുള്ളതും സൌഹാർദ്ദപൂർവ്വം പരസ്പരം സഹകരിക്കുകയും ചെയ്യുന്ന പരിഷ്കൃതമായ രാഷ്ട്രങ്ങൾ ഉള്ളതുമായ ഒരു ലോകം ഉത്ഭവിക്കണമെന്ന ആശ—ഇരിക്കുന്നതു്.

—പ്രസിഡെണ്ട് ട്രൂമാൻ, ഐക്യരാഷ്ട്രസമ്മേളനത്തിൽ 1945 ജൂൺ 26-ാം തിയ്യതി ചെയ്ത ഉപസംഹാരപ്രസംഗത്തിൽ

# അവസാനംവരെയുള്ള സമരം

ജപ്പാന്നെതിരായുള്ള യുദ്ധം എത്രകാലം നിലനില്ക്കുമെന്നു എല്ലായ്പ്പോഴും പലരും എന്നോടു ചോദിക്കുന്നു. ഞാനല്ല അതിന്നു മറുപടി നല്കേണ്ടതു്, നിങ്ങളാണു്. ഈ രാജ്യത്തിലെ ജനങ്ങൾ തങ്ങൾക്കു ഒരു യുദ്ധവുമായി ഇടപെടേണ്ടതുണ്ടെന്നു മനസ്സിലാക്കി പ്രവർത്തിച്ചാൽ ഉടൻതന്നെ ജപ്പാന്നെതിരായ യുദ്ധം അവസാനിക്കും.

നിങ്ങൾ ജപ്പുകൾക്കെതിരായി പൊരുതുമ്പോൾ ഒരു മനുഷ്യനെയോ, ജീവിയേയോ ആണു് എതൃക്കുന്നതെന്നു കരുതുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. നിങ്ങൾ ഒരു പ്രാണിയോടാണു് പൊരുതുന്നതു് നിങ്ങൾ അവററയുടെ മേൽ ചവിട്ടിയാൽക്കൂടി, വീണ്ടും അവററ വന്നുകൊണ്ടേയിരിക്കും. അവരുടെ പദ്ധതികളെ നശിപ്പിക്കുന്നതിന്നു നിങ്ങൾ എന്തെങ്കിലും ചെയ്യുന്നപക്ഷം അവ മന്തംതിരിഞ്ഞു ചുറ്റം കറങ്ങുന്നു; പക്ഷെ അവററ വല്ലാത്തൊരു സൊല്ലായാണുതാനും.

ജപ്പാൻകാരൻ ഒരു വിഡ്ഢിയായ കള്ളനാണു്. പക്ഷെ അവൻ അവസാനംവരെ പൊരുതും. അവസാനത്തെ ആൾവരെയും നിന്നുപൊരുതുമെന്നു മററുള്ള സേനകൾ പറയുമായിരിക്കാം; പക്ഷെ അങ്ങിനെ ചെയ്യുന്നതു ജാപ്പുസേന മാത്രമാണു്. കുറച്ചു ജാപ്പുകൾക്കു മാത്രമെ മുറിപററിയിട്ടുള്ളു. ഗൌരവമായി പരുക്കേററവരെ അവർ കൊല്ലുന്നു, ഉറുമ്പുകളെപ്പോലെതന്നെ. ഈ യുദ്ധത്തിൽ പത്തിന്നു ഒന്നു് എന്ന നിലയിൽ 14-ാം പട ജാപ്പുകളെ വധിച്ചിട്ടുണ്ടു്.

—ജനറൽ സ്ലിം, 14-ാം പടയുടെ സൈന്യാധിപൻ, ജൂൺ 19-ാംനു ലണ്ടനിൽവെച്ചു നടത്തിയ ഒരു പത്രസമ്മേളനത്തിൽ.

## ഒക്കിനാവയിൽ ജാപ്പു നഷ്ടങ്ങൾ

ജൂൺ 22-ാംനു വരെയും ജാപ്പുകളിൽ 89,564 പേർ പരുക്കുപററുകയും 6,932 പേരെ തടവുകാരാക്കി പിടിക്കുകയും ചെയ്തിട്ടുണ്ടു്. ജൂൺ 18-ാംനു വരെയും യു.എസ്. 10-ാം സേനയിൽ കൊല്ലപ്പെടുകയും കാണാതെപോയവരും 6,990 പേരും, 29,598 പേർ മുറിപ്പെട്ടവരുമായിട്ടുണ്ടു്. 31 അമേരിക്കൻ കപ്പലുകൾ മുക്കപ്പെടുകയും 54 എണ്ണത്തിന്നു പരുക്കേല്ക്കുകയും ചെയ്തു. പക്ഷെ വമ്പിച്ച ഒരൊററ യുദ്ധക്കപ്പലിന്നും പരുക്കേററിട്ടില്ല.

പ്രത്യുത ജാപ്പുകളുടെ 'യമാട്ടോ' എന്ന ഭീമയുദ്ധക്കപ്പലും, മൂന്നു ഡിസ്ട്രായറുകളും, രണ്ടു അകമ്പടിക്കപ്പലുകളും തീയെരിക്കപ്പെടുകളഞ്ഞു. 4,096 ജാപ്പു വിമാനങ്ങളും നഷ്ടപ്പെട്ടു.

—1945 ജൂൺ 23-ാംനു ഗ്വാമിൽനിന്നുള്ള ഔദ്യോഗിക കമ്മ്യൂണിക്കെ.

## മൂപ്പീന്നിൻെറ മുതലക്കണ്ണീർ!

നമ്മുടെ ദേശീയചരിത്രത്തിൽ ഒരിക്കലും സംഭവിക്കാത്ത ഒരു വിഷമദശയാണു ഇന്നുള്ളതു്.

—ഹിരോഹിതോ ചക്രവർത്തി തൻെറ പ്രജകൾക്കു ജൂൺ 23-ാംനു നല്കിയ ഒരു സന്ദേശത്തിൽ.

---

# "കുതിക്കു കുതിക്കു നീ" *

എൻ. ജെ. പാമ്പാടി.

I

വെററിയാടുവാൻ ജൈത്ര
പ്പതാക പാറിക്കുവാൻ-
തെറെറന്നു കുതിച്ചോടി
പ്പാഞ്ഞിടും പടവീരാ!

ദൂരെദൂരെയായ്ക്കാണും
വിയന്മണ്ഡലത്തിൻെറ-
നീലിമത്തട്ടിലേക്കു
നിന്നെ ഞാൻ ക്ഷണിക്കട്ടെ.

മേഘങ്ങളില്ലിങ്ങു
താരകപ്പൊയ്കയിൽ-
ലാഘവപ്പെട്ടത്തിടാം
നിൻ ശ്രമം കുതിക്കുകിൽ
ശീതബാധയോ ചുട്ടു-
പഴുക്കും ദിനേശനോ-
പാതകക്കീടങ്ങളോ
കാണുകില്ലിവിടെ നീ
ഗോളചക്രത്തിൻ മായാ
'കാര്യവും കൈങ്കര്യവു'-
മീളുന്നിതതാ താഴെ,
തീണ്ടുകില്ലതിനെ നീ.
മിന്നിയെമ്പാടും വ്രീളാ
കനകക്കരം നീട്ടി-
മുന്നിലേക്കടുക്കുന്നാ
ത്താരങ്ങൾ പുണരുവാൻ.
ഒന്നു നിൻ കരം നീട്ടു;
സ്വാഗതം ചെയ്യു; തങ്ക-
പ്പൊന്നിൻെറ പൊലിമയിൽ
ആടുവാനാറാടുവാൻ.

II

കാക്കിയിൽക്കേറിക്കയ്യിൽ
ത്തോക്കുമായ് നടന്നു നീ-
ലാക്കൊന്നായിരുന്നന്നു
സിക്കിനും മദ്രാസിക്കും.
മാർവാറി, കുടകുകാർ,
രാജസ്ഥാനിയും, ഗുർക്കാ,-
മലയോ, പൊളീനീക്ക്യർ,
ബലൂചി വിരുതന്മാർ;
ബീഹാറി, ഖെർവാറിയും;
കാശ്മീരി, പഹാഡിയും;
സിൻധിയും, ബങ്കാളിയും;
പഞ്ചാബി, ആസ്സാംകാരും;
എന്തിന്നിപ്പുരാണങ്ങൾ
ഹിന്ദുവും മുസൽമാനും-
അന്തണാദിദ്രാവിഡ-
രൊന്നായികഴിഞ്ഞില്ലേ?
"എന്തെടാ പറപ്പട്ടീ!
തീണ്ടാതങ്ങകലത്തിൽ-
ച്ചെന്തടിയനങ്ങാതെ
നില്ല, ഞാൻ കടന്നോട്ടെ"
ഹന്ത! ഭാരതത്തിൻെറ
മേന്മയെക്കെടുത്തുമീ-
ഭ്രാന്തില്ലപ്പരിധിയിൽ,
പാവനം സൈന്യവ്യൂഹം.
പങ്കിലം പലതുമി
പ്പട്ടാളത്തില്ലാ കാണാ-
മെങ്കിലും ജാതിപ്പേച്ചാ
വ്യൂഹശ്രേണിയിൽ കാണാ!
കണ്ടിടാമവിടത്തിൽ
സോദരഭാവം ദിവ്യം
തെണ്ടിയും പണക്കാര
പ്പയ്യനും ഒരുപോലെ.
ഇന്നു നീയൊന്നിച്ചുണ്ണും
സോദരന്മാരെപ്പോലെ-
സ്സുന്ദരസ്സവാരിക്കായ്
ഗമിക്കും ഗിരികളിൽ.
'ജാതി ജാതി' യെന്നുള്ള
പാഴ്പദപ്രയോഗങ്ങ-
ളോതുകില്ലി, ങ്ങെ; ല്ലാരും
കൂപ്പുകൈയപ്പിയ്ക്കട്ടെ!
അല്ലയോ പടവീരാ!
നില്ക്കു നീയപ്പീഠത്തിൽ-
ത്തെല്ലൊന്നു പഠിക്കട്ടെ
ലോകം നിൻ ചരിതങ്ങൾ:
ജാതിഭ്രാന്തൊടുക്കീടാൻ
സാഹോദര്യപ്രാഭവ-
ജ്യോതിയിൽ പുലരുവാൻ
ഭാരതം പഠിക്കട്ടെ.
വല്ലമയുതിർത്തീടും
നിൻെറ നാടകത്തിൻെറ-
വല്ലഭപ്രഭാവത്തിൽ
മുഴക്കു ശംഖധ്വനി!

III

ശാബല്ല നിൽക്കൂ! നിന്നോ
ടൊന്നു ചോദിപ്പാനുണ്ടീ-
പ്പൊല്ലാത്ത പോരാട്ടത്തിൻ
മാരണം മുഴങ്ങുമ്പോൾ;

ചെന്നിണം ചിന്തിക്കുന്നു,
കുന്നായി രിപുക്കളേ-
ഹന്ത! ചുട്ടെരിച്ചിട്ടു
പൊങ്ങുമ്പോൾ നിലാത്തിരി;
ആയിരം മയിൽ ദൂരെ
ഗ്രാമഗേഹത്തിൽ വീണ്ടും-
പോയണഞ്ഞിടും, യുദ്ധം
മുടിയും കാലത്തിൽ നീ.

ഒന്നു ഞാൻ ചോദിക്കട്ടെ,
അന്നുമീ "തീണ്ടൽ മന്ത്ര-
ക്കിന്നരിപ്പുഴഞ്ചുട്ട"
പേത്തും നീ ധരിക്കുമോ?

ഇന്നു നീ കൈകോർത്തു
കാഹളം മുഴക്കുന്നു,
അന്നു നിൻ കൈകൾ വിട്ടു
ദൂരേക്കു കുതിക്കുമോ?
ആഢ്യനും കുചേലനും
ജ്യേഷ്ഠാനുജന്മാരായി-
ട്ടുട്ടിവ്യപീഠത്തിങ്ക
ലാടിയതഴിയുമോ?

എങ്കിൽ നീ വിജയിക്കി
ല്ലിജ്ജീവിതപ്പേക്കൂത്തിൽ-
ച്ചെങ്കതിർക്കനലിൽ നീ
യെരിയും, സമാപിക്കും!!
താഴെ നോക്കു നീ, ഭൂമീ
തലത്തിൽ, ഭ്രാന്താലയ-
പ്പാഴ്ക്കിണററിലാണിന്നും
ഭാരതത്തിൻ നർത്തനം!
ഒന്നു നീയുറയ്ക്കുമോ?
തിരിയെഗ്ഗമിക്കുമ്പോ-
ളിന്നു കാണുന്ന ലോകം
പ്പുത്തനായ് പ്പുതുക്കുവാൻ?
സ്ഫീതപാഴ്ത്തിമിരത്തിൽ
വിരയും ഹിന്ദുസ്ഥാന-
ജാതകം പുതുക്കുവാൻ
കുതിക്കൂ കുതിക്കൂ നീ.
വ്യൂഹമദ്ധ്യത്തിൽ മുററം
പുലർത്തിപ്പോന്നോരാനൽ-
സാഹഭാവതപം നിന്നാൽ
നില്ക്കട്ടേ; തൊഴുകൈകൾ!!

---

[* മി. എം. ഗോവിന്ദൻെറ 'കൊടുങ്കാററ്' എന്നതിലുണ്ടാക്കിയ മാറെറാലി.]

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ജൂൺ 29-ാംനു-, വെള്ളിയാഴ്ച

## കലങ്ങിത്തെളിയുന്ന ലോകം

ഈ ആഴ്ചയിൽ ആളുകൾക്കു, ഐക്യരാഷ്ട്രങ്ങൾ തയ്യാറാക്കിയിട്ടുള്ള ലോകരേഖ കാൺമാൻ സാധിക്കുന്നതായിരിക്കും. വളരെ ദിവസത്തോളം നീണ്ടുനിന്ന വിവാദത്തിന്നും തർക്കത്തിന്നും ശേഷം, അമ്പതു രാഷ്ട്രങ്ങളിലെ പ്രതിനിധികൾ തമ്മിൽ അനുരഞ്ജിപ്പും യോജിപ്പും ഉണ്ടായി.

പഴയ ലീഗ് ഓഫ് നേഷൻസിൻേറതിൽനിന്നും തികച്ചും വ്യത്യസ്തമായതാണ് ഈ രേഖ. ചരിത്രത്തിൽ ഇദംപ്രഥമമായി ഏതൊരു അംഗരാഷ്ട്രത്തേക്കാളും പ്രബലമായ ഒരു ലോകസംഘടന ഉദിച്ചുയർന്നു വന്നിരിക്കുന്നു. ഇതു് വെറും വാക്കുകൾകൊണ്ടു കസർത്തു നടത്തുന്ന ഒരു സംഘടനയല്ലതന്നെ. തർക്കങ്ങളും തകരാറുകളും തീർക്കുന്നതിന്നു വേണ്ടി സന്ധിസംഭാഷണം തുടരുമെങ്കിലും, ആ വക ശ്രമങ്ങളെല്ലാം വിഫലമാവുന്നപക്ഷം സാമ്പത്തികവും ആയുധപരവുമായ ശക്തിയും സമ്മർദ്ദവും ഉപയോഗിച്ചു് ഐക്യരാഷ്ട്രങ്ങളുടെ മതം പ്രാബല്യത്തിൽ വരുത്തുക തന്നെ ചെയ്യും. ഇതു ഒരു ഭീമസംരംഭമാണു്. ലോകത്തിൻെറ ഉൽബുദ്ധമായ മനസ്സാക്ഷിയുടെ ഒരു പ്രകാശമാണതു്.

ഭക്ഷണം, എല്ലാതരത്തിലുമുള്ള സാമാനങ്ങൾ, തൊഴിൽ, വിദ്യാഭ്യാസം, സന്ദേശവ്യവസ്ഥകൾ ഇവയെല്ലാംതന്നെ ചുരുങ്ങിവരുന്ന ലോകത്തിൽ വിപ്ലവകരമായ പരിവർത്തനങ്ങൾക്കു് വിധേയമായി വരുന്നു. ഐക്യരാഷ്ട്രങ്ങളുടെ സാമ്പത്തികസാമൂഹ്യസമിതിക്കു് ഇത്തരുണത്തിൽ പല കഴിവുകളും ഉണ്ടു്. നവീനലോകത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമാണു് അതിനുള്ളതു്.

വാണിജ്യത്തിലും സംസ്കാരത്തിലും അകന്നുനില്ക്കൽ ലോകത്തിനെ വീർപ്പുമുട്ടിക്കുന്ന ഒരു ഭാരമാണെന്നു കണ്ടുവരുന്നു. മുമ്പെല്ലാം ഈ നയത്തിനെ അനുകൂലിച്ചിരുന്ന അമേരിക്ക, റൂസ്‌വെൽട്ടിൻെറ ഭരണരീതിക്കുശേഷം ലോകകാര്യങ്ങളിൽ അശ്രദ്ധ പതിപ്പിക്കുന്ന ആ സ്വഭാവം ഉപേക്ഷിച്ചിരിക്കുന്നു.

അന്തർദ്ദേശീയ കോടതിയെപ്പററിയുള്ള തീരുമാനങ്ങളും ഐക്യരാഷ്ട്രങ്ങൾ അംഗീകരിച്ചിരിക്കുന്നു. ഈ കോടതിയുടെ തീരുമാനം അവസാനത്തേതായിരിക്കും. അതിലേക്കുള്ള ന്യായാധിപതികൾ വിഭിന്നരാജ്യങ്ങളിൽനിന്നു അതാതു കാലത്തേക്കു തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും. ശാശ്വതമായ ഒരു ഇൻറർനേഷനൽ സിക്രട്ടേറിയററ് ഈ സംഘത്തിൻെറ പ്രവർത്തനങ്ങളെ നടപ്പിൽ വരുത്തും. അതിനെല്ലാം പുറമേ, ഒരു "ലോക പാർല്ലിമെണ്ടായ" ജനറൽ അസംബ്ലിയുമുണ്ടു്—ദേശീയത്വത്തിൻെറയും പരമാധികാര സ്വാതന്ത്ര്യത്തിൻെറ അതൃത്തികളെയും അതിലംഘിച്ചു ഉൽഭൂതമായ ജനറൽ അസംബ്ലി.

ഒടുവിൽ പോളിഷ് പ്രശ്നത്തിന്നും പരിഹാരം കണ്ടെത്തി. ജനാധിപത്യവാദികളായ പോളുകളും മൊളോട്ടോവ്, ആർച്ചിബാൾഡ്, ക്ലാർക്ക്, കെർ, ആവ്റിൽ ഹാരിമാൻ എന്നിവരും ചേർന്നു മോസ്കോവിൽവെച്ചു് ഉണ്ടായ കൂടിയാലോചനയുടെ ഫലമാണിതു്. ഇതും ജനകീയത്വത്തിൻെറ മറെറാരു വിജയമാണു്. ഇങ്ങിനെയുള്ള നൂലാമാല പിടിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ത്രിശക്തികൾക്കു എങ്ങിനെ സാധിക്കുമെന്നതിൻെറ ഒരു ലക്ഷ്യമാണതു്. ബൽജിയത്തിൽ കുഴപ്പങ്ങളുണ്ടു്. പക്ഷെ അതു ബൽജിയത്തിൻെറ അതൃത്തിയെ അതിലംഘിക്കുംവരെ, നിഷ്പക്ഷതയായിരിക്കും മഹൽശക്തികൾ അവലംബിക്കുന്ന നയം.

എന്നാൽ ലെവൻറ് പ്രശ്നം ഇതിൽനിന്നും വിഭിന്നമാണു്. ഇതിൽ മൂന്നു സംഗതികൾ ശ്രദ്ധിക്കാനുണ്ടു്: അന്നാട്ടുകാരുടെ അവകാശങ്ങൾ, മദ്ധ്യപൌരസ്ത്യദേശങ്ങളുമായുള്ള ഫ്രാൻസിൻെറ ബന്ധങ്ങൾ, വിദൂരപൌരസ്ത്യദേശത്തെ യുദ്ധനിർവ്വഹണത്തിന്നു അവശ്യം ആവശ്യമായ ശാന്തമായ അന്തരീക്ഷം. ബ്രിട്ടന്നു ഈ മൂന്നു കാര്യങ്ങളിലും താല്പര്യമുണ്ടു്; അവയിൽവെച്ചു് ഏററവും മുഖ്യമായതു് ഒടുവിൽ പറഞ്ഞതുമാണു്. നാസിഭൂഷ്പ്രഭുത്വത്തിൻെറ ചവിട്ടടിയിൽനിന്നു് തല പൊന്തിച്ച ഫ്രാൻസ് ഇന്നു ഒരു പ്രത്യേക പരിതസ്ഥിതിയിലാണു്. യൂറോപ്യൻ തർക്കങ്ങൾ എങ്ങിനെയാണു് തീർന്നതെന്നു് അവർക്കറിയാം. ജനകീയപ്രചോദനം ഈ കുഴപ്പത്തിൻെറ പരിഹാരത്തിന്നു സഹായിക്കുമെന്നാശിക്കുക. വാസ്തവികത്വം നമ്മുടെ ആവേശങ്ങളെ അതിജീവിക്കണം. അന്തർദ്ദേശീയമായ ഐക്യത്തിന്നു അതു അത്യാവശ്യമാണു്.

നാട്ടിൻപുറങ്ങളിൽനിന്നു

## തീവണ്ടിയിൽ

(സഞ്ചാരി)

വണ്ടി പുറപ്പെടുന്നതിന്നുള്ള ചൂളം വിളിച്ചു. തെല്ലൊരമ്പരപ്പും പരിഭ്രമവും കലർന്നു് ഞാൻ ഒരു വിധം വണ്ടിയിൽ കയറിക്കൂടി. തീവണ്ടി എറണാകുളം (സൌത്തു്) സ്റ്റേഷൻ വിട്ടു പായാൻ തുടങ്ങുകയായി. ടിക്കററു വാങ്ങുന്നതിന്നു ഒരു മികച്ച ഗുസ്തിപിടിച്ചുവലഞ്ഞ ഞാനും വണ്ടിയും ഒരു പോലെകിതച്ചു. ഈ നിലയിൽ എൻെറ സഹയാത്രക്കാരെ നിരീക്ഷിക്കുന്നതിന്നോ കുറച്ചു കൂടി സൌകര്യം അന്വേഷിക്കുന്നതിന്നോ എനിക്കു തരമായില്ല. തിക്കും തിരക്കും അസഹ്യമായിരുന്നതിനാൽ കിട്ടിയ സ്ഥലത്തു ഞാൻ ഊന്നിയിരുന്നു.

ഇടപ്പള്ളി, ആലുവാ ഇങ്ങിനെ സ്റ്റേഷൻ പലതും കടന്നു പോയി. എനിയ്ക്കല്പം സ്ഥലം കൂടുതൽ കിട്ടി. വേണ്ടവിധത്തിൽ ഇരിയ്ക്കാൻ സാധിച്ചില്ലെങ്കിലും, നെടുതായൊന്നു നിശ്വസിക്കുന്നതിന്നു്, വിഷമം കൂടാതെ ശ്വസിക്കുന്നതിന്നു, എനിയ്ക്കു സാധിച്ചുവെന്നുതന്നെ പറയണം.

അതാ ആ സ്റ്റേഷനിൽനിന്നു ഒരഞ്ചു ഡസൻ ആളുകൾ എൻെറ മുറിയിലേക്കു തിക്കിക്കയറുന്നു. എനിയ്ക്കു വിയർത്തു. ഈ ജനാവലി മുഴുവനും കടന്നു കഴിഞ്ഞാൽപ്പിന്നെത്തെ സ്ഥിതിയെന്താവും? യൂഗോസ്ലാവ്യയിലെ ഒളിഭടന്മാരുടെ ഊക്കും ആക്രമണമനസ്ഥിതിയുമുണ്ടു് അവരോരോരുത്തർക്കും!

"ഇവിടെ സ്ഥലമില്ല" വാതില്ക്കൽ നിന്നിരുന്ന മനുഷ്യൻ അവരെ വിലക്കി. ഒരു ചെറിയ ബഹളം. കലശലായ വാക്കേററം. ചിലർ കയർത്തു; ഭാഗ്യവശാൽ വണ്ടി നീങ്ങി. അതുകൊണ്ടു കൊലക്കുററത്തിൽ സാക്ഷി പറയേണ്ടതായി എനിക്കു സംഗതിവന്നില്ല.

എനിയ്ക്കു ചിരിവന്നു. ആ മനുഷ്യനെ—ആളുകളെ തടുത്തു നിർത്തിയ മനുഷ്യനെ—സമ്മതിയ്ക്കതന്നെ വേണം. യഥാർത്ഥത്തിൽ ആയാൾ ഒരു വിക്ടോറിയ ക്രോസ് അർഹിക്കുന്നുണ്ടു്. ആയാൾ കാണിച്ച മനോധൈര്യം അത്രയ്ക്കധികം അതിശയകരമായിരുന്നു. ആയാൾ ഒററയ്ക്കാണു് ആ അക്രമണസേനയെ എതിരിട്ടു തോല്പിച്ചോടിച്ചതു്.

"എവിടെ മാർഷൽ ഷുക്കോവ്?" വണ്ടിയിലിരുന്നിരുന്ന ഒരാൾ ചോദിച്ചു.

എനിയ്ക്കു ജിജ്ഞാസയായി. അപ്പോൾ, ആരായിരിക്കണം ഈ കൂട്ടർ? ഞാൻ സാകൂതം എല്ലാവരേയും നോക്കി. കുറെ ചെറുപ്പക്കാർ. എല്ലാവരും ഖദർ ജൂബ്ബയും, മോത്തിയുമാണു് ധരിച്ചിരിക്കുന്നതു്. കുറച്ചു പേർക്കു വേഷ്ടിയുണ്ടു്. എല്ലാവർക്കും ഓരോ സഞ്ചിയുണ്ടു്. അവരവരുടെ നിലയനുസരിച്ചു് സഞ്ചിയ്ക്കു വ്യത്യാസമുണ്ടെന്നു മാത്രം; ചിലർക്കു തോൽസ്സഞ്ചി; മററുള്ളവർക്കു വെരുങ്കായത്തിൻെറ പരസ്യമുള്ള ശീലസ്സഞ്ചികളും! എവിടുന്നായിരിക്കണം ഇവർ വരുന്നതു്? മദാമ്മയ്ക്കു പട്ടിയോടുള്ളതിനേക്കാളും സ്നേഹം തീർച്ചയായും അവർക്കാ സഞ്ചിയോടുണ്ടു്. അവർ അതിനെ ഓമനിയ്ക്കുകതന്നെ ചെയ്യുന്നു.

"മാർഷൽ! ഇവിടെ വന്നിരിക്കു; മതി ഞങ്ങളെ സംരക്ഷിച്ചതു്," ചുരുണ്ട മുടിക്കാരനായ ഒരാൾ വാതില്ക്കൽ നിന്നിരുന്ന ആളെ ഉപദേശിച്ചു. ആയാളുടെ ജൂബ്ബയുടെ നീളം കണ്ടപ്പോൾ, ആയാൾ മുണ്ടുടുത്തിരിക്കുന്നതിൻെറ അനാവശ്യകത എനിക്കു തികച്ചും ബോദ്ധ്യപ്പെട്ടു. എന്തൊരു വകതിരിവില്ലായ്മയാണതു്? തുണിയ്ക്കു ക്ഷാമമുള്ളപ്പോൾ വേണ്ടാതെകണ്ടു വികൃതവേഷം കെട്ടുകയോ?

മറെറാരാൾ വണ്ടിയുടെ വാതില്ക്കലേയ്ക്കു വന്നു. ഒരു കോങ്കണ്ണുള്ള മനുഷ്യൻ! കണ്ണടയ്ക്കും കൂടി മറയ്ക്കാൻ വയ്യാത്തതാണു് ആ കോങ്കണ്ണു്. അദ്ദേഹം റെയിൽവക്കത്തു നിൽക്കുന്ന തെങ്ങിൻതൈകളിലേയ്ക്കു നോക്കുന്നതു് എൻെറ മുഖത്തേക്കായിരിക്കുമെന്നു തെററി ധരിച്ചു ഞാൻ ഒന്നുരണ്ടു വട്ടം പച്ചച്ചിരി ചിരിക്കാൻ ശ്രമിച്ചു. പക്ഷെ വിഡ്ഢിയായി. വണ്ടിയിൽക്കയറി ആദ്യം പററിയ ഈ ഇളിഭ്യതയിൽ ഞാൻ കുറച്ചു പശ്ചാത്തപിക്കാതിരുന്നില്ല. പക്ഷെ അതെൻെറ കുററമാണോ; ആയാളുടെ കോങ്കണ്ണിൻെറതല്ലേ? ഞാനിങ്ങനെ സമാധാനിച്ചു. പക്ഷെ, ഇക്കൂട്ടരെ മനസ്സിലാക്കുന്നതിന്നുള്ള ഉൽക്കണ്ഠ എന്നിൽ കൂടുതൽ ഉദ്ദീപ്തമായി. "ഹലോ, മാർഷൽ," കോങ്കണ്ണൻ പുഞ്ചിരിയോടെ കൈപൊന്തിച്ചു; മുഷ്ടിചുരുട്ടി, ആയാൾ വണ്ടിപ്പലക ഇടിച്ചു പൊളിയ്ക്കുമോ, അതോ 'മാർഷൽ ഷുക്കോവിൻെറ' കരണക്കുററി തവിടുപൊടിയാക്കുമോ? ഷുക്കോവും—ആയാളുടെ പേരെന്താണാവോ, വല്ല രാരുവോ, കോന്നുവോ ആകാം, പക്ഷെ എനിയ്ക്കയാളെ ഷുക്കോവെന്നേ അറികയുള്ളു—മുഷ്ടി ചുരുട്ടി പൊന്തിച്ചു എന്തോ ആയാൾ ഉച്ചരിച്ചു. എന്താണിതിൻെറ അർത്ഥം? ഞാനെത്ര കിണഞ്ഞാലോചിച്ചിട്ടും എനിയ്ക്കു യാതൊരു എത്തും പിടിയും കിട്ടിയില്ല. പക്ഷെ ഈ പുതിയ ഉപചാരവാക്യമെന്തായിരിക്കും? ഞാൻ ലേശം വിഡ്ഢിത്തത്തോടെ ചോദിച്ചു, "ഇതിൻെറ അർത്ഥമെന്താണു്?"

എല്ലാവരും പൊട്ടിച്ചിരിച്ചു; എൻെറ ചെകിട്ടിൽ ആ പരിഹാസച്ചിരികളുടെ അലകൾ തുരുതുരെ അടിച്ചു. ഞാൻ അനങ്ങാതിരുന്നു.

വണ്ടി വീണ്ടും പല ആപ്പീസുകളും പിന്നിട്ടു. അപ്പോഴെല്ലാം 'ഷുക്കോവു' ആരെയും അകത്തു കടത്തിയില്ല. ഇതൊരു കടന്ന കൈതന്നെ. ആദ്യം കയറിയവൻ മററുള്ളവന്നു സ്ഥലം ഒഴിഞ്ഞുകൊടുക്കില്ലെന്നുവെച്ചാലോ? വല്ലാത്തൊരു 'ഷുക്കോവ്' തന്നെ! ഞാനാണു് ഭരണകൂടമെന്നു പറഞ്ഞു് സിംഹാസനത്തിന്മേൽ മുറുകിപ്പിടിച്ചിരുന്ന ലൂയി പതിനാലാമനെപ്പോലെ "ഞാനാണു് തീവണ്ടി" എന്നു ഈ "ഇമിഗ്രേഷൻ ഷുക്കോവ്" പറയുമോ ആവോ!

(തുടരും)

# ആഴ്ചക്കുറിപ്പുകൾ

## ഒക്കിനാവയിലെ വിജയം

ഒക്കിനാവ സമരം സഖ്യശക്തികൾക്കു വിജയകരമായിത്തന്നെ കലാശിച്ചു. നഷ്ടങ്ങളെപ്പററിയുള്ള ഒടുക്കത്തെ കണക്കുകൾ വെളിപ്പെടുത്തിയിട്ടില്ലെങ്കിലും, കുറേയൊക്കെ അറിയപ്പെട്ടിട്ടുണ്ട്. നാലായിരത്തിൽ പരം വിമാനങ്ങളും അനവധി കപ്പലുകളും ജാപ്പുകൾക്കു നഷ്ടമായി. അമേരിക്കക്കാർക്കു പററിയ നഷ്ടവും ചില്ലറയൊന്നമല്ല. ഇത്ര വമ്പിച്ച ഒരു വില കൊടുക്കേണ്ടതുണ്ടായിരുന്നുവോ എന്നു പല വിമർശകന്മാരും ഇതിനെപ്പററി ചോദിക്കയുണ്ടായി. ഏഴായിരം പേർ മരിച്ചതുൾപ്പടെ 36,000 അമേരിക്കൻ ഭടന്മാർക്കു പരുക്കേററിട്ടുണ്ട്. എന്നാൽ നേട്ടവുമായി തട്ടിച്ചുനോക്കുമ്പോൾ ഇതൊരു നഷ്ടമല്ലെന്നു ബോദ്ധ്യമാവുന്നതാണ്. ശത്രുതന്നെ ഇതിന്നു ഉപോൽബ്ബലകമായ ഉത്തരം തരുന്നു. ഒക്കിനാവ ആക്രമിച്ച അന്നു് ടോക്കിയോ റേഡിയോ പ്രസ്താവിച്ചു: "നമുക്കു ഏതെങ്കിലും വിധത്തിൽ ഈ ദ്വീപു നഷ്ടപ്പെടുന്നപക്ഷം നമ്മുടെ ദക്ഷിണഭാഗത്തുള്ള രാജ്യങ്ങളുമായി ബന്ധം പുലത്തുവാൻ സാദ്ധ്യമല്ലാതെവരും. ഫോർമൊസ, മഞ്ചൂറിയ, ചൈന എന്നീ രാജ്യങ്ങളുമായുള്ള സന്ദേശവ്യവസ്ഥകളും താറുമാറായി എന്നുവരും." ജപ്പാന്റെ വിധി ഈ സമരത്തെ ആശ്രയിച്ചാണ് നിൽക്കുന്നതെന്നു് അഡ്മിറൽ സുസുക്കിയും പറഞ്ഞില്ലേ?

## പരിശ്രമങ്ങൾ തുടരുകതന്നെ വേണം

ജനറൽ സർ സ്ലിം ഇപ്പോൾ ലണ്ടനിൽ എത്തിയിരിക്കുന്നു. ബ്രിട്ടീഷുജനങ്ങൾക്കു് പൌരസ്ത്യയുദ്ധത്തെപററി പല കാര്യങ്ങളും മനസ്സിലാക്കിക്കൊടുക്കുന്നതിന്നു അദ്ദേഹം ശ്രമിക്കയാണ്. എഡിൻബറോവിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ജാപ്പുകളെ തോല്പിക്കുന്നതിന്നു ഒരു വമ്പിച്ച സംരംഭം ആവശ്യമാണെന്നു അദ്ദേഹം സദസ്യരെ ഓർമ്മിപ്പിച്ചു. "നിങ്ങൾ ഞങ്ങൾക്കു നൽകിയതുകൊണ്ടു് ഞങ്ങൾ ആവുന്നതും ചെയ്തുതീർത്തു" അദ്ദേഹം പ്രസ്താവിച്ചു. "പക്ഷേ ശീഘ്രത്തിൽ അവസാനിക്കണമെങ്കിൽ വേണ്ടത്ര സാമഗ്രികൾ ആവശ്യമാണ്."

ജാപ്പുസേനയുടെ യഥാർത്ഥബലം എത്രയാണെന്നു ആർക്കും അറിഞ്ഞുകൂടാ. പക്ഷേ പുറരാജ്യങ്ങളിൽ ജപ്പാന്നു 150 ലക്ഷം സേനയുണ്ടെന്നു വൈസ്-അഡ്മിറൽ ഹെൽഫീക്ക് വിചാരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജാപ്പുകൾ ആത്മഹത്യാപരമായ ഒരു നയം കൈക്കൊള്ളുന്നതിനാൽ യുദ്ധം അവസാനിക്കേണ്ടതിന്നു ഇനിയും കൊല്ലങ്ങൾ വേണ്ടിവരുമെന്നാണ്. ജാപ്പുകൾ ഫിലിപൈൻസ്, ഇവോജിമ, ഒക്കിനാവ എന്നീ സ്ഥലങ്ങൾക്കുവേണ്ടി ചെയ്ത പോരാട്ടത്തെപ്പററി സ്മരിക്കുമ്പോൾ ഈ അഭിപ്രായം എത്രമാത്രം സാധുവാണെന്നു വ്യക്തമാണ്. തന്മൂലം നാം ഒരു കണക്കിലും വിശ്രമിച്ചുകൂടാ. വിജയം വരേയും പൊരുതുക, പൊരുതുക, അതാണ് ഇന്നത്തെ മുദ്രാവാക്യം.

## ജനറൽ ഐസൻഹോവർ

ജനറൽ ഐസൻഹോവർ ഒരു ലോകപൌരനാണ്. ഈ സമരത്തിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ ഇതിന്നുള്ള ഉത്തമോദാഹരണങ്ങളാണ്. വാഷിങ്ടനിൽവെച്ചു ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു: "ബുദ്ധിയുള്ളവർക്കു അന്യോന്യം തൊട്ടുകൂടായ്മയനുഷ്ഠിച്ചു അകന്നൊഴിഞ്ഞിരിക്കാൻ സാദ്ധ്യമല്ല. നാം ലോകത്തിന്റെ ഒരു ഭാഗമാണ്; ലോകം നമ്മുടെ ഒരു ഭാഗവുമാണ്. ദേശീയസംഘടനയിലൂടെ നാം അന്യോന്യം സഹകരിക്കുന്നു. സഹകരണത്തിലൂടെ മാത്രമേ സമാധാനം പാലിക്കാൻ സാധിക്കയുള്ളൂ." തികച്ചും ഉൽബുദ്ധമായ ഒരു ലോകപൌരന്റേതാണ് ഈ ഉൽകൃഷ്ടതത്വങ്ങൾ.

## പരിഭ്രാന്തരായ ജാപ്പുകൾ


ഈ സംഗതികൾ ഒളിച്ചുവെക്കുന്നതിന്നു സാദ്ധ്യമല്ല. 1940 ൽ ഫ്രാൻസ് വീണതിന്നു ശേഷം ബ്രിട്ടന്നു അഭിമുഖീകരിക്കേണ്ടിവന്ന ആ നിലതന്നെയാണ് ഇന്നു ജപ്പാന്നും നേരിടേണ്ടിവന്നിട്ടുള്ളതു്. ബ്രിട്ടന്നു സജ്ജീകരണങ്ങളും സഹായത്തിന്നു ഒരു സാമ്രാജ്യവും ഉണ്ടായിരുന്നുവെന്നുമാത്രം. കൂടാതെ അമേരിക്കയുടെ സഹതാപവും സഹായവുംകൂടി ലഭിച്ചിരുന്നു. ജപ്പാന്നു ഇതൊന്നും ഇല്ല. എന്നാൽ ജപ്പാന്നു ചൈന, കൊറിയ, മഞ്ചൂറിയ എന്നീ രാജ്യങ്ങൾ അധീനത്തിലുണ്ട്. പക്ഷേ ഇരുണ്ട ആ ദശകളിൽ ബ്രിട്ടന്നുണ്ടായിരുന്ന ആ സമ്പത്തുമായി ഇവയെ ഒരു കണക്കിലും താരതമ്യപ്പെടുത്തിക്കൂടാ. മാത്രമല്ല, തികച്ചും സജ്ജീകൃതവും പ്രബലവുമായ രാഷ്ട്രങ്ങളോടാണ് ജപ്പാന്നു നേരിടേണ്ടിയിരിക്കുന്നതു്.

ഒക്കിനാവ സഖ്യശക്തികളുടെ കയ്യിലകപ്പെട്ടതു മുതൽ ജപ്പാനിലെ വേവലാതിയും വേദനവും പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്നു. ഹോംഗാർഡുകൾ രൂപീകരിച്ചുവരുന്നതായി പ്രസ്താവിക്കപ്പെട്ടുവരുന്നു. സർവ്വമാ ഒരാക്രമണവും പ്രതീക്ഷിച്ചുകൊണ്ടാണ് ഇന്നു ജാപ്പുകളുടെ ഇരിപ്പു്. ജപ്പാനിലെ വമ്പിച്ച നഗരങ്ങളെല്ലാംതന്നെ ബോംബാക്രമണംമൂലം തകർന്നു കഴിഞ്ഞിരിക്കുന്നു. എനിയത്തെ സംരംഭം എന്തായിരിക്കും? ഒരെത്തുംപിടിയുമില്ലാതെ ജാപ്പുകൾ ഇപ്പോൾ ആലോചിച്ചുവരികയാണ്.

## ബോർണ്ണിയോവിൽ

ബോർണ്ണിയോവിലെ പല പ്രദേശങ്ങളും ആസ്ട്രേല്യക്കാരുടെ കൈവശമായി. ഇവയിൽ വെച്ചു ഏററവും പ്രധാനപ്പെട്ടതാണ് ടറകാൻ, മിറിസെറിയ എന്നീ സ്ഥലങ്ങളിലെ എണ്ണവയലുകൾ. തെക്കുകിഴക്കൻ ഏഷ്യയിൽ ഒരു വമ്പിച്ച സംരംഭത്തിന്നുള്ള പ്രാഥമിക പ്രവത്തനങ്ങളായിരിക്കണം ഇവ എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക



ലോകരക്ഷയ്ക്കു വേണ്ടിയുള്ള സംഘടനയുടെ രേഖയിൽ 50 ഐക്യരാഷ്ട്രങ്ങൾ ഒപ്പുവെക്കുന്നു. ട്രൂമാന്റേയും മററു നേതാക്കന്മാരുടേയും പ്രസംഗങ്ങൾ.

"ജാപ്പു ചരിത്രത്തിലെ ഏററവും വിഷമം പിടിച്ച ദശാസന്ധിയാണെന്നു" ജപ്പാൻകാർക്കു പ്രീമിയർ സുസൂക്കി താക്കീതു നൽകുന്നു. ഒക്കിനാവ സമരം അവസാനിച്ചു. ബോർണിയോവിൽ ആസ്ട്രേലിയക്കാർ 100 നാഴിക സ്വാതന്ത്രമാക്കി. സ്റ്റെററിന്യസ് രാജിവെച്ചു.

ബ്രി: പാർല്ലിമെണ്ടിലെ 637 സീററുകൾക്കു 1,672 സ്ഥാനാർത്ഥികൾ. ചർച്ചിലിന്റെ "തിരഞ്ഞെടുപ്പു സഞ്ചാരം." ക്രിമിയിൻ കമ്മിഷൻ പോളണ്ടിൽ താല്ക്കാലിക ഗവമ്മേണ്ടു് ഏപ്പെടുത്തുന്നു. ബൽജിയത്തിൽ രാഷ്ട്രീയക്കുഴപ്പം തുടർന്നുവരുന്നു. ഫ്രാങ്കോ-സ്പാനിഷ് ബന്ധത്തിൽ തകരാറുകൾ.

സിംല സമ്മേളനത്തിൽ വേവൽ പദ്ധതിയെപ്പററി അനുകൂലമായ അഭിപ്രായങ്ങൾ. വഷക്കാലം നിമിത്തം യുദ്ധം തുടരുന്നതിന്നു ബമ്മയിൽ വിഷമം.



ഉത്സാഹശാലിയായ ദക്ഷിണാഫ്രിക്കക്കാരൻ പട്ടാളത്തിലും വളരെ മിടുക്കനാണ്.

## ബമ്മയിലെ സ്ഥിതി

സയാമിലേയ്ക്കും ഇൻഡോ-ചൈനയിലേയ്ക്കും എങ്ങിനെയെങ്കിലും കടന്നു രക്ഷപ്പെടണമെന്ന ഉദ്ദേശത്തോടെ ജാപ്പുകൾ കിണഞ്ഞു പരിശ്രമിച്ചുവരുന്നു, പക്ഷേ അവരുടെ ഉദ്യമങ്ങളെല്ലാംതന്നെ വിഫലമായി വരികയാണ്. ബമ്മയിലാകപ്പാടെ 57,000 ജാപ്പുകളുണ്ടെന്നു തിട്ടപ്പെടുത്തിയിരിക്കുന്നു. ഇതിൽ 45,000 പേർ മാണ്ഡലി-റംഗൂൺ റെയിൽവേയുള്ള ക്ഷാൻ കുന്നുകളിലോ, പെഗു കുന്നുകളിലോ ആണ്. ബാക്കിയുള്ള 12,000 പേരുടെ സ്ഥിതി ഇതിലും ശോചനീയമാണ്.

അതേ അവസരത്തിൽ ബമ്മയിലെ രാഷ്ട്രീയമായ നില ഭേദപ്പെട്ടുകൊണ്ടുവരുന്നു. ബമ്മ ഗവർണ്ണർ സർ റജിനാൾഡ് ഡോർമ്മൻ സ്മിത്ത് റംഗൂണിലെത്തി ചേർന്നിരിക്കുന്നു. ബമ്മ ഒരു സ്വയംഭരണരാജ്യമാക്കാനുള്ള ഉത്തരവുംകൊണ്ടാണ് അദ്ദേഹം അവിടെ വന്നെത്തിയിരിക്കുന്നതു്.

## വായനക്കാരോട്

യുദ്ധസഞ്ചികയിൽ പലപ്പോഴും അച്ചടിപ്പിശകുകളും മററു ചില ന്യൂനതകളും പ്രമാദങ്ങളും സംഭവിച്ചുപോകുന്നതിൽ ഞങ്ങൾക്കു അളവററ പരിതാപമുണ്ട്. വായനക്കാരോടും ഞങ്ങളുടെ ക്ഷമാപണത്തെ അറിയിക്കട്ടെ. മാന്യരായ അവർ ഈ ചില്ലറ പ്രമാദങ്ങൾ വന്നതിനു ഞങ്ങൾക്കു മാപ്പു നൽകുമെന്നും കരുതുന്നു. അപരിത്യാജ്യവും അസാധാരണവുമായ ചില പ്രത്യേക പരിതസ്ഥിതികൾക്കു വിധേയമാകേണ്ടിവരുന്നമൂലം, ഇടയ്ക്കിടെ വന്നുപോകുന്ന ഈ ലഘുവായ തെററുകൾ മേലിൽ പരിഹരിക്കുന്നതിന്നു ആവുന്നതും ശ്രമിക്കുന്നതാണെന്നും അറിയിച്ചുകൊള്ളട്ടെ.

(യു.സ.പ.)

# ചിരിയും ചിന്തയും

"എടാ, കുപ്പാ" റിക്ഷയിലിരുന്നു സവാരി ചെയ്യുന്നതിനിടയ്ക്കു കുടവയറൻ ചെട്ടിയാർ പറഞ്ഞു. "ഈ യുദ്ധം കൊണ്ടു നമുക്കെന്തടാ ഗുണം? ഒരു ശുക്കുമില്ലെ."

"സാമി അങ്ങനെ പറയരുത്" റിക്ഷക്കാരൻ കുപ്പൻ തട്ടി മൂളിച്ചു. "ജോണീസ് ഞങ്ങൾക്കു കുറച്ചു ഇംഗ്ലീഷ് പഠിപ്പിച്ചുതന്നിട്ടുണ്ട്."

* * *

"കുഞ്ഞുങ്ങളേ, കലഹിക്കാതെ ഉറങ്ങിക്കൊൾവിൻ; നേരം മണി പത്തായി" കിടപ്പറകിൽനിന്നു ഒച്ചപ്പാടുണ്ടാക്കിയിരുന്ന കുട്ടികളോട് ആയ ശാസിച്ചു.

ഗോപാലൻ പറഞ്ഞു: "ആയാ, ഞാൻ ഈ രാമനൊന്നിച്ചു കിടക്കില്ല. എനിയ്ക്കു ഈ മുറിയിൽ ഒരു പാക്കിസ്ഥാൻ വേണം."

"ആയാ, ആയാ" ലീല തേങ്ങിത്തുടങ്ങി. "എനിക്കു ദ്രാവിഡസ്ഥാനം."

"പോക്കിരികളെ!" ആയ ചിരിച്ചു. അവരെയൊക്കെ ഒരേ കട്ടിലിന്മേൽ കിടത്തി പുതപ്പിച്ചു.

* * *

കളിമണ്ണ് ഒരു ദിവ്യ ഔഷധമാണെന്നു പറയുന്ന പല മഹാത്മാക്കളുമുണ്ട്.

പക്ഷേ ആ ദിവ്യൌഷധത്തിന്റെ സൂക്ഷിപ്പുസ്ഥലം അവർ വെളിപ്പെടുത്തുന്നില്ല. അവരുടെ തലയ്ക്കുള്ളിൽത്തന്നെയായിരിക്കണം അതിന്റെ കിടപ്പും!

* * *

"ഗോബൽസ് മരിച്ചുവെന്നും ഇല്ലെന്നും പല ഊഹാപോഹങ്ങളുമുണ്ട്. എന്താണ് ആ രഹസ്യം? എന്തായാലും ഒന്നു തീർച്ച: ഇന്ത്യയിലെ ശത്രുചാരന്മാരിൽ ഗോബൽസിന്റെ പ്രേതം ബാധിച്ചിട്ടുണ്ടെന്നതു്.

* * *

"പണിക്കരെ" അയമ്മ ചോദിച്ചു, "എന്റെ പാറു ആൺകുട്ടിയെ പ്രസവിക്കുമോ?"

"തീർച്ചയായും, അതിനെന്താ സംശയം? ഗ്രഹങ്ങടെ നില്പു നോക്കിയാലും അതുതന്നെ കാണുന്നു" പണിക്കർ പ്രതിവചിച്ചു.

പക്ഷേ പാറു പ്രസവിച്ചതു് പെൺകുട്ടിയെയാണ്. അപ്പോഴും പാറുവിന്റെ അമ്മ പണിക്കരെ ക്ഷണിച്ചു. "ഇപ്പഴോ പണിക്കരേ, നിങ്ങളല്ലേ പറഞ്ഞ് ആൺകുട്ടിയെ പ്രസവിക്കുമെന്ന്?"

"പണിക്കക്കു തെററുവരില്ല" പണിക്കർ ഊന്നി പറഞ്ഞു. "നിങ്ങൾ ആ പടിപ്പുരച്ചുവരിൽ ഒന്നു നോക്കിൻ, അന്നു് പണിക്കരെന്താണ് എഴുതിയിട്ടിരുന്നതെന്നു്. പക്ഷേ പെണ്ണായിരിക്കുമെന്നു പറഞ്ഞാൽ നിങ്ങൾക്കു സുഖമാവില്ലെന്നു കരുതി. അപ്പോൾത്തന്നെ 'പെൺകുട്ടി' എന്നെഴുതിയിട്ടു."

"ഞാൻ വിചാരിച്ചു" ലക്ഷ്മി അമ്മ പറഞ്ഞു, "അതെഴുതിയവൻ ഒരാണുംപെണ്ണുമല്ലാത്തവനായിരിക്കുമെന്ന്."

"ശരിയാണ് ലക്ഷ്മിയമ്മേ, ഞാനാണതു്."

* * *

"കൊല്ലത്തിൽ ഒരു പ്രാവശ്യം അവൾ ആസ്പത്രിയിൽ പ്രസവിക്കാൻ ചെന്നു. ഇങ്ങിനെ പത്തു പ്രാവശ്യം സംഭവിച്ചു.

ഈ ദുരിതത്തിൽ സഹതാപം കലന്ന ഡോക്ടർ ഉപദേശിച്ചു: "ഒരു കൊല്ലമെങ്കിലും നിങ്ങൾ ഇതിൽനിന്നു വിരമിക്കണം." അവൾ ചോദിച്ചു: "അപ്പോൾ ഡോക്ടർ, എനിയ്ക്കു് പ്രസവകാലത്തുള്ള ആ വിശ്രമംപോലും നിഷേധിക്കണമെന്നാണ് നിങ്ങൾ ഉപദേശിക്കുന്നതു്?"

* * *

"എനിക്കീവക വങ്കത്തങ്ങളിലും മൂഢാചാരങ്ങളിലും ലവലേശം വിശ്വാസമില്ല" വിദ്യാർത്ഥി സാഭിമാനം പ്രഖ്യാപിച്ചു. "ഞാൻ ലോകവിപ്ലവത്തിൽ വിശ്വസിക്കുന്നു."

ജോഗ്രഫീ പ്രൊഫസർ: "അതിലിത്രയൊന്നും അഭിമാനിക്കാനില്ല. നിങ്ങൾക്കു ഭൂമിശാസ്ത്രത്തിലെ പ്രാഥമിക തത്വം അറിഞ്ഞുകൂടേ: Earth revolves (ഭൂമി ചുററിക്കൊണ്ടിരിക്കുന്നു) എന്ന്?"

* * *

ഞാൻ അഞ്ചു പ്രാവശ്യം കാരാഗ്രഹവാസം അനുഭവിച്ചിട്ടുണ്ട്. ആ . . നിധിക്കു 500 ക. ശേഖരിച്ചിട്ടുണ്ട്" തന്റെ നിയോജകമണ്ഡലത്തിൽ കൂടിയ പൊതുയോഗത്തിൽ വെച്ച് സ്ഥാനാർത്ഥി സ്വസേവനങ്ങളെ പ്രകീർത്തിച്ചു ഇങ്ങിനെ പ്രസംഗിച്ചു. "അതിലും വലിയ റിക്കാഡുള്ള ആരെങ്കിലും ഉണ്ടെങ്കിൽ മുന്നോട്ടുവരട്ടെ; അദ്ദേഹത്തെ നിങ്ങൾ തിരഞ്ഞെടുക്കുന്നതിൽ എനിക്കു വിരോധമില്ല. ഞാനപ്പോൾ പിൻവലിക്കും."

ഒരു താടിക്കാരൻ, സുപ്രസിദ്ധനായ കെ. ഡി. പ്രസംഗവേദിയിലേക്കു പതുക്കെ പതുക്കെ കയറിവന്നു. "മാന്യരേ!" ആയാൾ തുടർന്നു, "ഞാൻ പന്ത്രണ്ടു പ്രാവശ്യം ജെയിലിൽ പോയി, 5,000 ക. മോഷ്ടിച്ചു സമ്പാദിക്കുകയും ചെയ്തു. ആയാളെക്കാൾ വലിയ സേവനം എന്റെയല്ലേ?"

* * *

പൊതുജനനേതാവു പൂഴ്ത്തിവെപ്പിനെപ്പററി കലശലായി ആക്ഷേപിച്ചു പ്രസംഗിച്ചു.

ഒരു യുവാവ് ഇടയിൽ കടന്നു ചോദിച്ചു: "മാന്യരേ, നിങ്ങളെപ്പോലെ പൂഴ്ത്തിവെച്ച വേറൊരാളില്ല."

പൊ. നേതാവ്: "ഞാനോ? പൊതുസേവനത്തിന്നു ജീവിതം ഉഴിഞ്ഞുവെച്ച ഞാനോ പൂഴ്ത്തിവെപ്പുകാരൻ! എന്താണതു പറയൂ."

യുവാവ്: "ലോകത്തിലുള്ള അജ്ഞത മുഴുവനും നിങ്ങൾ തലക്കുള്ളിൽ സംഭരിച്ചുവെച്ചിട്ടുണ്ട്!"

# പട്ടാളക്കാരും പൌരന്മാരും

എം. ജി. ഹാരീസ്.

പട്ടാളക്കാരും പൌരന്മാരും തമ്മിലുള്ള അകൽച്ചയെപ്പററി നമുക്കെല്ലാവക്കും അറിയാം. എന്നാൽ എല്ലാ രാജ്യത്തും എപ്പോഴും ഈ അകൽച്ച ഉണ്ടായിട്ടില്ല. പൌരൻ പട്ടാളക്കാരനും, പട്ടാളക്കാരൻ പൌരനുമായിട്ടാണ് ഇന്നു പലയിടത്തും കഴിയുന്നതു്. കൃത്രിമങ്ങളായ വിഭിന്നവ്യത്യാസങ്ങൾ മറഞ്ഞുവരുന്നു.

നമ്മുടെ നിത്യജീവിതത്തിൽ, ഇടക്കാലത്തുവെച്ച് ഈ അഭിപ്രായത്തെ ഊന്നിനില്ക്കുന്ന പല സംഭവങ്ങളും സംഗതികളും കേട്ടുവരാറുണ്ട്. എന്നാൽ ഇവയെല്ലാം ഹേതുഭൂതങ്ങളായ പരിതസ്ഥിതികളും, സംഗതികളും ഏതെല്ലാമാണ്? ഈ പരിശോധനയുടെ ഫലമായിട്ടു കിട്ടുന്ന ഉത്തരം ഒരുപക്ഷെ ഈ പ്രശ്നത്തിന്റെയും ഉത്തരമായേക്കാനിടയുണ്ട്.

പൌരന്മാരിൽനിന്നകന്ന് പട്ടാളക്കാർ എന്ന ഒരു വിഭിന്നവകുപ്പ് എങ്ങിനെ ഉണ്ടായി? ഈ പ്രത്യേകജാതിയുടെ, അഥവാ പ്രത്യേകജാതിയാണെന്നു കരുതപ്പെടുന്നവരുടെ, ഉത്ഭവത്തിന്നിടയാക്കിയതു് എന്താണ്? അവരുടെ പ്രവൃത്തി എന്തായിരുന്നു? ഇങ്ങിനെ ഒരു നൂറു കൂട്ടം ചോദ്യങ്ങൾ ഒന്നിനൊന്നു പിറകിലായി നമ്മെ അഭിമുഖീകരിക്കുന്നു.

മനുഷ്യസമുദായത്തിന്റെ ആദിമദശയിൽ പട്ടാളക്കാരില്ലാത്ത ഒരു കാലമുണ്ടായിരുന്നുവത്രെ. അന്ന് പ്രാചീനമനുഷ്യർ സമാധാനത്തോടും ശാന്തിയോടും കഴിഞ്ഞുകൂടി. ആ സമുദായഘടനയ്ക്ക് സാമൂഹ്യശാസ്ത്രകാരന്മാർ പ്രാചീനകമ്മ്യൂണിസ്റ്റ് സമുദായം എന്നാണ് പേർ നല്കിയിരിക്കുന്നതു്. അന്ന് ഭരണാധിപനോ, ഭരണീയരോ, ഭരണകൂടമോ ഉണ്ടായിരുന്നില്ല. എല്ലാവരും പണിയെടുക്കുക; അതിന്റെ ഫലം അനുഭവിക്കുക എന്നതായിരുന്നു അന്നത്തെ നടപടി. അന്നത്തെ ഉല്പാദനോപകരണങ്ങൾ കൃഷിയൊന്നുമാത്രമായിരുന്നു. എങ്കിലും ആക്കും അതിൽ സ്വന്തം ഉടമ സ്ഥാപിക്കാൻ സാധിച്ചില്ല. 'എന്റേതു്', 'നിന്റേതു്' എന്നു വ്യത്യാസവും അന്നില്ലായിരുന്നുപോൽ.

സാമുദായികഘടന കുറെക്കൂടെ പുരോഗമിച്ചപ്പോൾ, സാമ്പത്തികതാല്പര്യങ്ങൾ സ്വകാര്യ ഉടമയിൽ വന്നപ്പോഴാണ്, അതിന്നു രക്ഷാകർത്താക്കളും, കാവൽക്കാരും ആവശ്യമായതു്. അതിന്നു ശേഷമാണ് നീതിനിയമങ്ങൾ പ്രചാരത്തിൽ വന്നതും. പ്രാചീന കമ്മ്യൂണിസ്റ്റ് സമുദായം ഛിന്നഭിന്നമായതോടുകൂടി, നിരവധി ഗോത്രാധിപന്മാരും, നാടുവാഴികളും ഉത്ഭവിച്ചു. "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്ന കാട്ടാളനിയമത്തിന്നു പ്രാബല്യം സിദ്ധിച്ചു. അന്നുമുതൽ അക്രമവും, പിടിച്ചുപറിയും, കൊള്ളയും തുടങ്ങി. ക്രമേണ ഗോത്രാധിപവർഗ്ഗത്തിൽനിന്നു രാജാക്കന്മാരും മററു സാമന്തന്മാരും ഉടലെടുത്തു. രാജകീയനീതിയുടെ വികാസത്തോടുകൂടിയാണ് ശരിയായ വിധത്തിൽ പട്ടാളക്കാരും ഉണ്ടാവുന്നതു്. അതിന്നുമുമ്പും പട്ടാളമുണ്ടെങ്കിലും, അതിന്നു ഒരിക്കലും ഒരു സമുന്നതമായ നില കിട്ടിയിട്ടില്ല. ഏതെങ്കിലും ഒരു ഗോത്രാധിപൻ കുറെ ആളുകളെ ശേഖരിച്ച് മററൊരു ഗോത്രാധിപന്റെ അതൃത്തികൾ ആക്രമിക്കുന്നു; അവിടത്തെ നിവാസികളെ അടിമകളാക്കി മാററുന്നു; അതിന്നുശേഷം വിജയികളായ തന്റെ സേനകളെ ആയിടത്തെ അധികാരികളോ സാമന്തന്മാരോ ആക്കി വാഴിക്കുന്നു. ഇവരെന്നും ഗോത്രാധിപനെ—ഒരുപക്ഷെ ആയാൾ രാജസ്ഥാനത്തിലൊ, ചക്രവർത്തിസ്ഥാനത്തിലൊ എത്തിയിട്ടുണ്ടാവും—സഹായിക്കാൻ ചുമതലപ്പെട്ടവരുമാണ്. ഇരുപതാം നൂററാണ്ടിൽകൂടിയും ഇങ്ങിനെ ഒരു വർഗ്ഗക്കാർ, സമരപ്രഭുക്കൾ ചൈനയിലുണ്ടായിരുന്നു. 1911 ലെ ചൈനീസ് വിപ്ലവം മൂലം സൺ യാററ്സൺ ചൈനാരാഷ്ട്രത്തിലെ ഈ അട്ടകളെയും ഇത്തിക്കണ്ണികളെയും കൊത്തിനുറുക്കിക്കളഞ്ഞു. സ്പെയിനിലെ "മൂറു"കളെപ്പററി പലരും കേട്ടിട്ടുണ്ട്.

ഇന്ത്യാചരിത്രത്തിലേക്കു കണ്ണോടിച്ചാൽത്തന്നെ പല ഉദാഹരണങ്ങളും നമുക്കു കിട്ടുന്നതാണ്. ഇന്ത്യയെപ്പോലെ അത്രത്തോളം വിദേശാക്രമണത്തിന്നും പട്ടാളവേട്ടക്കും വിധേയമായ ഒരു ഭൂഖണ്ഡം ലോകത്തിൽ വേറെയില്ല. ഓരോ വിദേശാക്രമണത്തിന്നുംശേഷം, ഇന്ത്യൻ ജനങ്ങൾക്കുണ്ടായ ദുരിതാനുഭവങ്ങൾ ചരിത്രം വിളിച്ചുപറയുന്നുണ്ട്.

അപ്പോൾ പട്ടാളം ഭരണകൂടത്തിന്റെ ഒരായുധമായിട്ടാണ്, മർദ്ദനോപകരണമായിട്ടാണ് ഉത്ഭവിച്ചിട്ടുള്ളതു്. അതേ സമയത്തു അതു സമുദായത്തിന്റെ പാറാവുകാരനുമായിരുന്നു—അന്നു നിലവിലുള്ള സമുദായത്തിന്റെ. രാജകീയ രീതിയിലുള്ള പട്ടാളത്തിന്റെ മൌലികകൃത്യം ആ രീതിയ്ക്കെതിരായ ശക്തികളോടു യുദ്ധംചെയ്യുകയാണ്; ആ സാമൂഹ്യവ്യവസ്ഥയുടെ നിലനില്പിന്നു അവരാണ് ഉത്തരവാദികൾ. ആ സമ്പ്രദായത്തെ ആരെങ്കിലും എതൃക്കുന്നപക്ഷം, അവരെ ദണ്ഡിക്കുവാനും ശിക്ഷിക്കുവാനും വേണ്ടിയാണ് പട്ടാളത്തെ ഉടുപ്പണിയിച്ച് തീററിപ്പോററി ആയുധം ധരിപ്പിച്ചു നിർത്തിയിട്ടുള്ളതും.

എന്നാൽ ഈ രീതിതന്നെ പൊളിഞ്ഞുപോയി. ഫ്രഞ്ചു വിപ്ലവം ഇതിന്നൊരുദാഹരണമാണ്. ലൂയി പതിനാലാമനെ രക്ഷിക്കേണ്ട ഭടന്മാരിൽ പലരും അദ്ദേഹത്തിന്റെ എതിരാളികളുടെ കൂട്ടത്തിൽചേർന്നു. സാറിന്റെ പട്ടാളക്കാരായിരുന്നു, സാറിസത്തെ നശിപ്പിച്ച റഷ്യൻ വിപ്ലവത്തിന്റെ ജീവനാഡികൾ! ഇതെങ്ങിനെ സംഭവിച്ചു?

പട്ടാളക്കാരിലും പുതിയ ആദർശങ്ങളും അനുഭവങ്ങളും ഉണ്ടാവുന്നു. ജനകീയത്വത്തിന്റെ പുരോഗമനംമൂലമുള്ള അലകൾ അവരിലും മാറെറാലിക്കുന്നു. സാമാന്യജനതയുടെ ക്ഷേമത്തിൽനിന്നു മാത്രമേ തങ്ങളുടെ ക്ഷേമവും ഉടലെടുക്കുകയുള്ളുവെന്നു അവർ ഗ്രഹിക്കുന്നു. ജനകീയമായ ഈ അഭിപ്രായഗതികൾ പടർന്നുപിടിച്ച് പട്ടാളക്കാരൻ പൌരാവകാശത്തിന്നുവേണ്ടി പൊരുതുവാൻ തയ്യാറായി. വേഷംകൊണ്ടും വിധാനംകൊണ്ടും ആയാൾ വിഭിന്നനായിരുന്നു; പക്ഷെ ആശയാനുരൂപ്യം അവരെ അടുപ്പിക്കതന്നെ ചെയ്തു.

യുദ്ധം കൂടുതൽ ഭയങ്കരമാവാൻ തുടങ്ങിയപ്പോൾ, സമരം അതിന്റെ സമഗ്രസ്വഭാവമെടുത്തപ്പോൾ, പൌര-പട്ടാള വൈരുദ്ധ്യം യുദ്ധത്തിന്റെ നടത്തിപ്പിന്നുതന്നെ ഒരു വിഘാതമായി. ഈ യുദ്ധത്തിൽ നാം അതു് പലയിടത്തും കണ്ടു. എവിടെ പട്ടാളത്തിന്നു പൌരസഹായം ഉണ്ടായില്ല, അവിടെ അവർ പലപ്പോഴും പരാജയപ്പെട്ടു. പൌരന്മാർതന്നെ പട്ടാളക്കാരായി സ്വേച്ഛപ്രകാരം യുദ്ധം ചെയ്വാനും ആരംഭിച്ചു. ചില യൂറോപ്യൻ രാജ്യങ്ങളിൽ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം പഴയ പട്ടാളം കീഴടങ്ങിയപ്പോൾ ഒരു പുതിയ പട്ടാളം ഉത്ഭവിച്ചു. ഫ്രാൻസ്, യൂഗോസ്ലാവ്യ, നോർവ്വേ, തുടങ്ങിയ രാജ്യങ്ങൾതന്നെ ഇതിന്നു ഉദാഹരണമാണ്.

ഐക്യരാഷ്ട്രങ്ങളിലെ പടയാളി പൌരന്മാക്കുവേണ്ടിയാണ് പൊരുതുന്നതു്; അതു പൌരന്മാരുടെ പട്ടാളമാണ്, അഥവാ പട്ടാളക്കാരായ പൌരന്മാരാണ്. ആയാൾക്ക് നാളെത്തെ പ്രശ്നങ്ങളിൽ താല്പര്യമുണ്ട്.

പണ്ടത്തെ പക്ഷപാതങ്ങൾ മേലും ലോകത്തിൽ ജീവിച്ചുകൂടാ. പട്ടാളക്കാരും പൌരന്മാരും തമ്മിലുള്ള പക്ഷപാതങ്ങൾ അടിസ്ഥാനരഹിതമാണ്. പട്ടാളക്കാർ ഇന്നു ഭരണകൂടത്തിന്റെ പാവകളല്ല; പൌരന്മാർ നിരക്ഷരകുക്ഷികളായ ആട്ടിൻകൂട്ടവുമല്ല. രണ്ടുകൂട്ടരും ബോധമുള്ള പൌരസഞ്ചയമാണ്. ലോകത്തിൽ അത്രമേൽ വമ്പിച്ച ഒരു സാമൂഹ്യവിപ്ലവം വരുന്നതുവരെയും പട്ടാളക്കാരില്ലാതെ പൌരന്മാക്കും, പൌരന്മാരുടെ സഹായമില്ലാതെ പട്ടാളക്കാക്കും ജീവിക്കാൻ വയ്യ.

അങ്ങിനെ പരസ്പരയോജിപ്പിൽക്കഴിഞ്ഞുകൂടേണ്ട അവരെന്തിന്ന് കലഹിക്കണം? വെറും അജ്ഞതകൊണ്ട്, അന്ധവിശ്വാസംകൊണ്ട്. അവയെ അകററുക; അതിന്നു രണ്ടു കൂട്ടരും ശ്രമിക്കണം.

# ജയധ്വനി

(പി. എസ്. നീലകണ്ഠൻ,
ബോംബെ)

കൊന്നും, മരിച്ചും, പലമട്ടു കഷ്ട-
പ്പെട്ടും, പെട്ടതീട്ടു മിതേവിധത്തിൽ
നാലഞ്ചു വഷങ്ങളഹൊ! പറന്നു
മറഞ്ഞുപോയ് സ്വപ്നസമാനമായി.

ചരിത്രവുംകൂടി നടുങ്ങിടുന്ന
ഫാസിസ്റ്റ് ശാക്തേയ വലാഹകങ്ങൾ
ഗർജ്ജിച്ചുയർന്നീടിന രാത്രിയെങ്ങാ,-
ണെങ്ങീ വിഭാതം, വിജയപ്രകാശം?

തമിസ്രയെച്ചുട്ടുകരിച്ചുയന്നു
'മിത്ര' പ്രഭാവം വിജയീഭവിയ്ക്കേ,
പൂർണ്ണാനുരാഗത്തൊടിതാ ദിഗന്തം
പൂർവ്വാധികം പുഞ്ചിരി പൂണ്ടിടുന്നു.

പരസ്പരപ്രേമരസത്തിൽ മുങ്ങാൻ
പാരം കൊതിച്ചെത്തിടു മാ ഭടക്കായ്
കവാടവക്ഷസ്സു തുറന്നു മന്ദം
നോക്കുന്നിതാ വീര വധൂജനങ്ങൾ.

എങ്ങും നവോത്ഥാന സുരസ്രവന്തി-
യ്ക്കോടു പായാൻ തുടരുന്ന നേരം
കെട്ടിക്കിടക്കുന്ന തടങ്ങൾതാനെ
തകർന്നു പോകാതെ നിവർത്തിയില്ല.

പലേ വിധത്തിൽപ്പരിവർത്തനങ്ങൾ
മൊട്ടിട്ടു ചുററും വിടരാൻ തുടങ്ങെ,
കഴിഞ്ഞ രാവിന്നവശിഷ്ടമെല്ലാം
കാററിൽപ്പറക്കുന്നതു കാലധർമ്മം.

ധൈര്യത്തൊടാസ്ത്രാത്രവകങ്ങനാള-
മവത്തെറിഞ്ഞീടിന കൈകളാലെ
കാലം തുടങ്ങുന്ന ജഗത്തിൽ വീണു
കഷ്ടപ്പെടുന്നോരെയുയർത്തിടാനായ്.

ജയിച്ചു മന്നിൽ തൊഴിലാളിവർഗ്ഗം;
ജയിച്ചു സത്യം; വിജയിച്ചു ധർമ്മം
ഫാസിസ്റ്റു തത്വം നിപതിച്ചിതേകം,
ജയിച്ചതോരായിര, മിപ്രപഞ്ചം.

മന്നും വിഹായസ്സുമിതേവിധത്തിൽ
മഹാ മഹത്തിൽ കലരുന്ന നേരം
ഇബ്ഭാരതം ലോകപടത്തിൽ നിന്നും
വേറിട്ടതല്ലെന്നു നിനയ്ക്ക നമ്മൾ.

# റങ്കൂണിൽ വിജയമഹോത്സവം



ലൂയി മൌണ്ട്ബാററൻ പ്രഭു (സൌത്ത് ഈസ്റ്റ് ഏഷ്യയിലെ സുപ്രിം കമാണ്ടർ) രാജാവു അയച്ച സന്ദേശം വായിക്കുന്നു.



ലഫ്ററനൻറ് ജനറൽ ലീസ്. അദ്ദേഹത്തിൻെറ അരികിൽ നില്ക്കുന്നതു് ബർമ്മാസേനയിലെ മേജർ ജനറൽ ആങ്സാൻ ആണ്.



പരേഡ് കാൺമാൻ വന്ന ജനസഞ്ചയത്തിൽ ഒരു ഭാഗം.



റോയൽ എർഫോർസ് നല്കിയ 'ഗാർഡ് ഓഫ് ഓണർ' മൌണ്ട്ബാററൻ പ്രഭു പരിശോധിക്കുന്നു.

# പാസഫിക് യുദ്ധം

(കേണൽ കൊണോനെങ്കൊ)

1945 ആദ്യകാലത്തുതന്നെ ജപ്പാൻെറ നിലയിൽ വളരെ വിഷമങ്ങൾ വന്നുചേർന്നു. അതിന്നുള്ള കാരണം ഫിലിപ്പൈൻ ദ്വീപുകൾ, റിക്യു ദ്വീപുകൾ, വടക്കനൊ ദ്വീപുകൾ ഇവയിലുള്ള ജാപ്പു പ്രതിരോധങ്ങൾക്കു ക്ഷീണം തട്ടിയതാണ്. മാത്രമല്ല, ഏപ്രിൽ മാസത്തിൽ ബ്രി: 14-ാം പട ബർമ്മയിൽ വലിയ വിജയം നേടുകയും ബർമ്മയിലുള്ള ജാപ്പു സേനയിൽ പകുതിയും നശിപ്പിക്കപ്പെടുകയും ചെയ്തു. ജപ്പാൻെറ ഉഗ്രമായ ചെറുക്കലും, വിഷമകരമായ കാലാവസ്ഥയുമുണ്ടായിട്ടും, പതിനാലാം പട 25 ദിവസത്തിന്നുള്ളിൽ 480 കിലോമീററർ ദൂരം മുന്നോട്ടു പോവുകയും, ബർമ്മയിലെ വലിയ തുറമുഖവും തലസ്ഥാനവുമായ റംങ്കൂൺ കൈപ്പററുകയും ചെയ്തു. റംങ്കൂൺ പിടിച്ചതിൽ നാലാം ആർമി കോറും, 15-ാം ഇന്ത്യൻ കോറും ഒരു പ്രധാന പങ്കു നിർവ്വഹിച്ചിട്ടുണ്ട്. ബർമ്മയിൽ ഇപ്പോഴും ചിന്നിച്ചിതറപ്പെട്ടു കിടക്കുന്ന ജാപ്പുകൾ ചെറുത്തുവരുന്നുണ്ട്.

ബർമ്മയിലെ വിജയങ്ങൾ സാരതരങ്ങളാണ്. മലയ, സയാം, നീതർലണ്ട് ദ്വീപുകൾ ഇവയിലുണ്ടാവുന്ന സമരത്തിന്നു ഈ വിജയങ്ങൾ വളരെ പ്രയോജനപ്പെടും. റംങ്കൂൺ തുറമുഖം വഴി ബ്രിട്ടീഷുകാർക്കും അമേരിക്കക്കാർക്കും സാമാനങ്ങൾ കൊണ്ടുപോകാൻ സാധിക്കും.

ഏപ്രിൽ മാസത്തിൽ, ഫിലിപ്പൈൻ ദ്വീപുകൾ, ഇവോജിമ, എന്നിവയിൽ കരഗതമായ വിജയങ്ങളാലും, ഒക്കിനാവയിലെ പടയിറക്കം മൂലവും അമേരിക്കക്കാർ സുപ്രസിദ്ധവിജയങ്ങൾ പലതും നേടി. ഇവോജിമ സമരം തുടന്നിരുന്ന കാലത്തുതന്നെ ജപ്പാനിലെ ഒരു പത്രമായ 'അസകി' എഴുതി: "ഫിലിപ്പൈനിലുള്ള സമരവും, ഇവോജിമയിൽ ശത്രുക്കൾ ഇറങ്ങിയതും, ജപ്പാനെ ആക്രമിക്കുന്നതിന്നുള്ള ഒരു പടിയാണ്. ശത്രുവിൻെറ ശരിയായ ലക്ഷ്യം സാക്ഷാൽ ജപ്പാനിൽ കാലൂന്നണമെന്നതാണ്."

ഒക്കിനാവയിൽനിന്നും ക്യൂഷുവിലേയ്ക്കു 500 കിലോമീററർ മാത്രം ദൂരമേയുള്ളു. ഒക്കിനാവ പിടിക്കുന്നതുകൊണ്ട്, സാക്ഷാൽ ജപ്പാന്നെതിരായ സമരം വിസ്തൃതമാക്കുന്നതിന്ന അമേരിക്കക്കാർക്കു സാദ്ധ്യമാകും. പാസിഫിക് യുദ്ധം ഒരു വമ്പിച്ച ദശാസന്ധിയിലെത്തിച്ചേർന്നിരിക്കുന്നു.

തൂലികയെ തോക്കായി ഉപയോഗിച്ച

# സോവിയററു സാഹിത്യകാരന്മാർ

[ഡാക്ടർ കെ. സി. പത്മാവതി]

1945 മേയി 15-ാംനു- സോവിയററു സാഹിത്യകാരന്മാരുടെ സംഘം മോസ്കോവിൽ സമ്മേളിക്കുകയുണ്ടായി. അതിൽ സന്നിഹിതരായ പലരും അതേവരേയും സോവിയററു അതൃത്തികൾക്കു് പുറത്തുള്ള സമരാങ്കണത്തിൽനിന്നും വന്നെത്തിയവരാണ്. കവികൾ, ആഖ്യായികാകർത്താക്കൾ, നാടകമെഴുത്തുകാർ, വിമർശകന്മാർ, മുതലായി അവിടെ സമ്മേളിച്ച എല്ലാവരും നാസികൾക്കെതിരായി തങ്ങളുടെ ജനങ്ങളോടൊപ്പം പൊരുതിയവരായിരുന്നു.

ആ ഗ്രന്ഥകാരസംഘത്തിൻെറ അദ്ധ്യക്ഷത വഹിച്ച നിക്കോളൈ ടിക്കനോവ് കാഴ്ചമാത്രയിൽത്തന്നെ ഒരു യോദ്ധാവാണെന്നുതോന്നും. കഴിഞ്ഞ മഹായുദ്ധത്തിലും അദ്ദേഹം ഒരു സൈനിക ഓഫീസരായിരുന്നു. 1919ലും അദ്ദേഹം ലെനിൻഗ്രാഡിൽനിന്നു ജർമ്മൻകാർക്കെതിരായി പൊരുതി. ഇദ്ദേഹം ഇന്നു ഒരു പൌരാണിക വീരപുരുഷൻെറ പ്രാധാന്യമർഹിക്കുന്നു. കാരണം 1941 മുതൽ 42 വരേയും ഉപരോധിക്കപ്പെട്ടിരുന്ന ലെനിൻഗ്രാഡിലെ വിശ്വവിശ്രുതമായ സമരത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്കു് സുപ്രസിദ്ധമാണ്. ഇക്കാലത്തു ടിക്കനോവിൻെറ കുടുംബത്തിലെ അഞ്ചുപേർ നാസിവെടിയുണ്ടകളേററും പട്ടിണികൊണ്ടും മരിച്ചുപോയി. അന്നു അദ്ദേഹം ലെനിൻഗ്രാഡിലെ ചരിത്രപ്രധാനമായ ഉപരോധത്തെപററി ആവേശജനകവും ഉൽബുദ്ധവുമായ കവിതകൾ രചിച്ചിട്ടുണ്ടു്. ഉപരോധിക്കപ്പെട്ട ലെനിൽഗ്രാഡിൽനിന്നു അദ്ദേഹത്തിൻെറ കവിതകൾ പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു.

മോസ്കോവിലെ ആ സമ്മേളനത്തിൽ ടിക്കോനോവ് ചെയ്ത സ്വാഗതപ്രസംഗം ശ്രദ്ധേയമാണ്. അഹംഭാവലേശമെന്യെ സോവിയററു സമരസാഹിത്യത്തിൻെറ പുരോഗമനത്തെപററിയും യഥാർത്ഥമായും അവർക്കു വിക്ഷയത്തോടുള്ള അടുപ്പത്തെ പററിയും പ്രസംഗിച്ചു. ഈ യുദ്ധകാലത്തു ചരിത്രപ്രധാനങ്ങളായ സംഭവങ്ങളിൽ സോവിയററു സാഹിത്യം അടിക്കടി പുരോഗമിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മാത്രമല്ല, യുദ്ധകാലത്തു പുറത്തുവന്ന പുസ്തകങ്ങളെപ്പററിയും സാഹിത്യത്തിൻെറ നാനാ തുറകളിലൂടെയായി വന്നിട്ടുള്ള അതിൻെറ നേട്ടങ്ങളേയും അദ്ദേഹം മറച്ചുവെച്ചില്ല. ചരിത്രത്തിൽ ഇതുവരെയായും സാഹിത്യം ജീവിതത്തോടു ഇത്രമാത്രം അടുത്തിട്ടില്ല. എന്നെന്നും മായാത്തവിധം സോവിയററു സാഹിത്യകാരന്മാർ യുദ്ധത്തിൽ അവരുടെ പങ്കു നിർവ്വഹിച്ചു. അങ്ങിനെ സോവിയററു സാഹിത്യം നോവലുകളെക്കൊണ്ടും കവിതകളെക്കൊണ്ടും നാളെത്തെ പ്രവൃത്തിയുടെ മാർഗ്ഗത്തെ കരിങ്കല്ലിട്ടുറപ്പിച്ചു. അവസാനമായി ടിക്കനോവ് ഇനിയും സോവിയററു സാഹിത്യകാരന്മാരുടെ ചുമതലയേയും ഉത്തരവാദിത്വത്തേയും പററി ഉൽബോധിപ്പിച്ചു. സമരകാലത്തു സോവിയററു യൂനിയൻ എത്രമാത്രം ശക്തിമത്തായോ അത്രമാത്രം സോവിയററു സാഹിത്യവും ശക്തിമത്തായിട്ടുണ്ടെന്നു അദ്ദേഹം വെളിപ്പെടുത്തി. നാസിസവും ഫാസിസവും എത്രതന്നെ മുഖംമൂടിയാലും അവയെ പാടെ നശിപ്പിക്കുവാൻ തക്ക ശക്തിയുള്ളതായിരിക്കണം സോവിയററു സാഹിത്യമെന്നും അദ്ദേഹം നിർവ്വചിച്ചു. ലോകത്തിൻെറ ഒട്ടാകെ നന്മക്കായി എല്ലാ എഴുത്തുകാരും തങ്ങളുടെ തൂലികയെ ഫാസിസത്തിൻെറ ഉന്മൂലനാശത്തിന്നു ഉപയോഗിക്കുവാൻ അദ്ദേഹം ശാസിച്ചു.

മറെറാരു പ്രാസംഗികനായിരുന്നു കേർ ബാബെയേവ്. "ശത്രു കീഴടങ്ങിയിട്ടില്ലെങ്കിൽ അവനെ പാടെ നശിപ്പിക്കുക" എന്ന ഗോർക്കിയുടെ വചനത്തെ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയതുതന്നെ.

ലെനിൻഗ്രാഡിലെ മറെറാരു കവിയായ സവലോട്വിഷ്ണസ്കി ശത്രുക്കളോടു സധീരം എതൃത്തു തനിക്കു തൻെറ നഗരത്തിനോടുള്ള തീരാബന്ധത്തെ വെളിപ്പെടുത്തി. ഉക്രേനിയയിലേയും ബലോറഷ്യയിലേയും രണ്ടു പുതിയ കവികളാണ് മാക്സിം റിലിസ്കിയും യാക്കബ് കൊലാസും. ശത്രുക്കൾ അവരുടെ രാജ്യം കൈക്കലാക്കിയപ്പോൾ ഉശിരും ഉണർവ്വും ഉള്ള കവിതകളെക്കൊണ്ടു് ജനങ്ങളെ ഉശിരുപിടിപ്പിച്ചു ഇളകാത്തവിധം അവർക്കു വിജയത്തിൽ ഉറപ്പുകൊടുത്തു. കോൺസ്റ്റാൻറിൻ സിമണോവിൻെറ "രാത്രികളും പകലുകളും" എന്ന നോവൽ റഷ്യൻ സമരസാഹിത്യത്തിലെ ഒരു പ്രഖ്യാത ഗ്രന്ഥമാണ്. കേണലിൻെറ ഉടുപ്പണിഞ്ഞ അലക്സാന്തർ വാർസൊവസ്കി എഴുതിയ "വാസിലി ടെർക്കിൻ" എന്ന പദ്യശകലം യുദ്ധകാലപദ്യസാഹിത്യത്തിലെ പ്രശംസനീയമായ ഒരു കവിതാശകലമത്രെ.

മാത്രമല്ല, ഓരോ സോവിയററു സാഹിത്യകാരനും അന്ത്യവിജയത്തിൽ അത്രമാത്രം ദൃഢവിശ്വാസമുണ്ടായിരുന്നു. റഷ്യക്കാർ അടിക്കടി പരാജിതരായി പിൻവാങ്ങിക്കൊണ്ടിരുന്ന ആ അവസരത്തിൽപ്പോലും ആ ദൃഢനിശ്ചയത്തിൽ അവർക്കു തെല്ലും ഇളക്കം തട്ടിയില്ല. അന്നത്തെ അവരുടെ ചില വരികൾ ഈ വാസ്തവം തികച്ചും വെളിപ്പെടുത്തുന്നുണ്ടു്.

II

ആദ്യമായിത്തന്നെ നമ്മുടെ കൺമുന്നിൽ പ്രത്യക്ഷപ്പെടുന്നതു അലക്സി ടോൾസ്റ്റോയിയാണ്. യുദ്ധസംബന്ധമായ അദ്ദേഹത്തിൻെറ ആദ്യത്തെ ചില ലേഖനസമുച്ചയമായ "മാതൃരാജ്യ" (മതർലാണ്ട്) ത്തിൽ അദ്ദേഹം ഇങ്ങനെ എഴുതിയിരുന്നു: "മറുരാജ്യക്കാർക്കു നമ്മുടെ മണ്ണിൽ ചവിട്ടുവാൻ സാധിക്കയില്ല. പടിഞ്ഞാറ് രാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും പൊന്തുകയും താഴുകയും ചെയ്യും. എന്നാൽ നമ്മുടെ രാജ്യം വലുതാവുകയും ശക്തിമത്താവുകയും ചെയ്യും. അതിനെ ഇളക്കുവാൻ ആർക്കും സാദ്ധ്യമല്ല. അതു ഈ ജർമ്മൻ സേനയെ വിഴുങ്ങില്ലേ? അവരുടെ ഒരു തരിപോലും അവശേഷിക്കില്ല. നമ്മൾ മുന്നോട്ടുതന്നെ പോവുക . . . ."

മറെറാരു ലേഖനമാണ് "ശത്രു മോസ്കോവിൻെറ നേർക്കു". ഇതു അദ്ദേഹം 1941 ഒക്ടോബർ 15-ാംനു- എഴുതിയതാണ്. അതിൽ ഇങ്ങനെ പറയുന്നു: "ചുവപ്പു പടയാളി ജയിക്കും . . . . എൻെറ രാജ്യമെ, നിണക്കൊരു ദുർഘടം വന്നു, പക്ഷെ നീ ജയിക്കും. കാരണം നിനക്കു ശക്തിയുണ്ടു, യുവത്വമാണ്. ധീരതയും സൌകുമാര്യവും നിൻെറ ഹൃദയത്തിലുണ്ടു്. ശക്തിമത്തുക്കളായ നിൻെറ കൈകൊണ്ടുണ്ടാക്കുന്ന ശോഭനഭാവിയിൽ നിനക്കു തികച്ചും വിശ്വാസമുണ്ടു്. അതിന്നു തന്നെയാണ് നിൻെറ പ്രിയപുത്രന്മാർ ജീവിതം ബലി കഴിക്കുന്നതു്"

1941 ഒക്ടോബർ 19-ാംനു- എഴുതിയ മറെറാരു ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "നാശത്തിന്നു നാശം! അതാണ് ഞങ്ങളുടെ സത്യം. അയാളുടെ തന്നത്താൻ നാശത്തിന്നു, ആ ഫാസിസ കൊള്ളക്കൂട്ടത്തിൻെറ നാശത്തിന്നു, ഹിററ്ലർ നമ്മളെ ഇപ്രകാരമുള്ള ഒരു സത്യത്തിന്നു നിർബ്ബന്ധിതരാക്കി. ആയിരക്കണക്കിന്നു ജർമ്മൻ ശവക്കുഴികൾ റോഡുകളുടെ പാർശ്വങ്ങളിൽ ഉണ്ടാവും, മോസ്കോ മുതൽ സീഗ്ഫ്രൈഡ് ലയിൻവരെ . . . . നമ്മളല്ല, പക്ഷെ ജർമ്മനി, നമ്മളുടെ ഓരോ നാശത്തിന്നും ബലി കഴിക്കലിന്നും മറുവടി പറയേണ്ടിവരും. നശിപ്പിച്ച കൃഷിയും നഗരങ്ങളും പുനരുദ്ധരിപ്പിക്കാൻ ഞങ്ങൾ അവരെ നിർബ്ബന്ധിക്കും. അങ്ങിനെ ന്യായം നടത്തും ജർമ്മനിയുടെ വിയർപ്പുകൊണ്ടായിരിക്കും നിപ്പർ ഡാം പവർ സ്റ്റേഷൻ സമർപ്പിക്ക—അല്ലാതെ നമ്മളല്ല. ഇതിന്നു ജർമ്മൻകാർ ഹിററ്ലരോടു നന്ദി പറയട്ടെ. ജർമ്മൻ കൊള്ളക്കാർ ഓരോ രാജ്യത്തും ചെയ്തിട്ടുള്ള കഷ്ടതകളുടെയും നാശത്തിൻെറയും ബാദ്ധ്യത ജർമ്മൻ ജനതക്കാണ്. അവർ പിന്നിട്ടുപോന്ന രക്തപങ്കിലമായ പാതയിൽ കൂടി അവർ ഒന്നുകൂടി നടക്കേണ്ടിവരും. എന്നാൽ ഈ പ്രാവശ്യം നാശകർത്താക്കളായിട്ടല്ല, പുനരുദ്ധാരണം ചെയ്യുന്നവരായിട്ടു—ഞങ്ങളുടെ മുറിയെ ഉണക്കുവാനായിട്ട്. അങ്ങിനെ ന്യായം നടത്തും. ക്രെംമിലിനിന്നു മീതെയുള്ള നക്ഷത്രങ്ങൾ റഷ്യൻ ജനതക്കു വെളിച്ചം കാട്ടും. മുന്നോട്ടു പോവുക, ശത്രുക്കളെ ചവിട്ടി നീക്കുവാൻ മുന്നോട്ടു പോവുക, മുന്നോട്ടു പോവുക! നമ്മുടെ സ്വാതന്ത്ര്യത്തിന്നു, നമ്മുടെ ബഹുമാനപ്പെട്ട രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിന്നു, നമ്മുടെ പാവനമായ മോസ്കോവിൻെറ സ്വാതന്ത്ര്യത്തിന്നു!"

മറെറാരു ഗ്രന്ഥകാരനായ സവലോടു ഇവനോവ്സ്ൻെറ ചില ലേഖനങ്ങൾ നോക്കുക. 1941ൽ ഇദ്ദേഹം കുറെ ലേഖനങ്ങളും ചെറുകഥകളും അടങ്ങിയ "മേനയുടെ മുഖ" എന്ന ഒരു പുസ്തകം പ്രസിദ്ധീകരിക്കയുണ്ടായി. അതിൽ 1941 നവമ്പർ 16-ാംനു- എഴുതിയ "നമ്മുടെ ജന്മഭൂമി" എന്ന ഒരു ലേഖനത്തിൽ ഗ്രന്ഥകാരൻ ഈ യുദ്ധത്തിൻെറ വളർച്ചയെപ്പററി എങ്ങിനെ തീരുമാനിച്ചിരിക്കുന്നു എന്നു നോക്കുക "ജർമ്മൻകാരെ അടിച്ചോടിക്കുവാനുള്ള സമയം ഞങ്ങൾക്കു വരും. ധൃതിയോടുകൂടി മടങ്ങിപോകുവാനുള്ള പെരുമ്പറ അവർ കൊട്ടും. എന്തിനു്? ഓടിപോകുവാനുംകൂടി സാധിക്കാതെ അവർ നാശഗർത്തത്തിൽ പതിയ്ക്കും. ജർമ്മൻ തലച്ചട്ടകൾകൊണ്ടു നമ്മളുടെ വയലുകൾ മൂടും. പക്ഷെ അവ നമ്മുടെ ടാങ്കുകളുടെ ചക്രംകൊണ്ടമർന്നു മണ്ണിന്നടിയിൽ പോകും. കുറച്ചു കൊല്ലങ്ങൾക്കുശേഷം വയലുകൾ ഉഴുമ്പോൾ ഈ ഇരുമ്പിൻകഷണങ്ങളുടെ തടസ്ഥംകൊണ്ടു തങ്ങളുടെ പാട്ടു നിർത്തി അതെന്താണെന്നു നോക്കേണ്ടിവരും. അന്നു, അതു അവർ കണ്ടു ചിരിക്കും, മഞ്ഞിലും തണുപ്പിലും സ്ഥിരോത്സാഹത്തോടെ നിന്നു പൊരുതി ശത്രുവിനെ തോല്പിച്ചോടിച്ചതോർക്കും. അതെ, സുവറോവിൻേറ, കുട്ടസ്നോവിൻെറയും പേരിനെ നിലനിർത്തുവാൻ! ലെനിൻെറ പേരിനെ നിലനിർത്തുവാൻ മുന്നോട്ടു!!"

നമ്മൾക്കു ഇലിയ എഹറൻബർഗ്ഗിൻെറ തന്നെ ചില വരികൾ നോക്കുക. "എനിക്കറിയാം ജർമ്മൻ സേനകൾക്കു അനവധി വിജയം ഉണ്ടായിട്ടുണ്ടെന്നു്. എനിക്കറിയാം കേണൽ റോസ് സ്റ്റി നദിവക്കത്തല്ല, നീപ്പർ നദിയുടെ തന്നെ അടുത്തെത്തിയിട്ടുണ്ടെന്നു്. റോസിൻെറ ലേഖനങ്ങളിൽ ഭയത്തിൻെറ നിഴലാട്ടംപോലും ഇല്ല. നമ്മളുടെ പിന്മാറാതിരക്കലാണ് അയാളുടെ നിദ്രയില്ലാത്ത രാത്രികൾക്കു കാരണം. നമ്മളുടെ യോദ്ധാക്കൾ ആ ജർമ്മൻ കേണലിനെ നിരാശനാക്കി. അവർതന്നെ അയാളെ നശിപ്പിക്കും." ഇതദ്ദേഹം 1941 സപ്തെമ്പർ 25-ാംനു- എഴുതിയതായിരുന്നു. 1941 നവമ്പർ 18-ാംനു- അദ്ദേഹം മറെറാരിടത്തു ഇങ്ങനെ പ്രസ്താവിക്കുന്നു: "ആർക്കുവേണ്ടിയാണ് ഈ ടൈറോലിസ് ചാരൻ ശവക്കുഴി കുത്തുന്നതു്? മറെറാരായിരം ജർമ്മൻകാർക്കു വേണ്ടിയോ? മോസ്കോവിൻെറയും, റോസ്റോവിൻെറയും ലെനിൻഗ്രാഡിൻെറയും സെവാസ്റ്റപോളിൻെറയും അടുത്തുള്ള ഈ കുഴികൾ ആർക്കുവേണ്ടി?"

1942 ജനുവരി 6 ാംനു- എഴുതിയ ചില വരികൾ ശിലാലിഖിതംപോലെ നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു "പന്നി ചീററുവാൻ തുടങ്ങിയാൽ ബഹുരസമാണ്. അതു സംഗീതംപോലെ ശ്രുതിമധുരമാണ് നമുക്കു

# പാടുക, പാടുക പൂങ്കുയിലേ!

(കെ. ജി. പിള്ള.)

മഞ്ജുളമാകും വസന്തകാലത്തിലാ-
മഞ്ജരി നിൎഗ്ഗളിച്ചാത്മഗന്ധം.

സുന്ദരസൗരഭ്യമെത്തിച്ചരിക്കയായ്
മന്ദപവനനാം സാൎത്ഥവാഹൻ ;
തുള്ളിക്കളിച്ചു പുളകപ്പൂതപ്പിട്ടു
വെള്ളിയലയിൽ വെള്ളാമ്പലുകൾ.

കൈരളിയാകുമാ മന്ദാരശാഖിയിൽ
സൈ്വരമായക്കുയിൽ പാട്ടുപാടി.

ആ ഗാനമാധുരിയാസ്വദിച്ചാനന്ദ-
സാഗരത്തിങ്കല് കേരളീയർ,
ആറാടിയാറാടിയാത്മാൎത്ഥമാശിസ്സു-
കോരിച്ചൊരിഞ്ഞിതപ്പൂങ്കുയിലിൽ !

കാലം പലതും കടന്നുപോയ് താരുണ്യ-
മോലും നതാംഗിതൻ മോടിപോലെ.

നൂതനകാലമൊന്നാവിൎഭവിച്ചു, ഹാ !
ഭീതിദമായൊരു നൃത്യരംഗം :

ആ രംഗം സാകൂതമീക്ഷിച്ചു കോകിലം-
സാരസ്യസംഗീതലോലകന്മാൻ.

“എങ്ങോട്ടു പോകുന്നിതെങ്ങോട്ടു പോകുന്നി-
തെങ്ങളെവിട്ടു നീ പൂങ്കുയിലേ !

പ്രേമഗാനങ്ങളുതിൎക്കു പുലരിതൻ
ശ്രുമയെ വൎണ്ണിച്ചു പാട്ടു പാട്ടു :”

ആ രംഗമാരാഞ്ഞു ക്രകിപ്പുറക്കവാ-
നാരമ്യകോകിലമാരംഭിയ്ക്കേ,

മന്ദമപേക്ഷിച്ചു മാങ്കുയിൽത്തോപ്പിങ്കൽ-
ശൃംഗാരലീലയിലാൎന്നമന്നോർ,

“എങ്ങോട്ടു പോകുന്നിതെങ്ങോട്ടു പോകുന്നി-
തെങ്ങളെവിട്ടു നീ പൂങ്കുയിലെ !”

ഓതിയാഗീതാവിശാരദന പ്രേമ-
ഗീതാൎത്ഥി വൃന്ദത്തൊടാത്തമോദം :

“നോക്കുവിൻ കണ്ണുതുറന്നൊന്നു ചുററിലും,
പാൎക്കുവിൻ ചോരപ്പുഴകളെങ്ങും :

വിശ്വത്തിൻ ശാന്തിയെ വീണ്ടെടുത്തീടുവാൻ,
നിഷ്ഠുരഫാസിസം ചാമ്പലാക്കാൻ,
വീരരുധിരമൊഴുക്കുവാൻ യോദ്ധാക്കൾ
വീറോടെ മുന്നോട്ടു പോയിടുമ്പോൾ ;

നിങ്ങളോടൊത്തെന്നും പാടിക്കഴിയുവാൻ,
ചുംബനങ്ങൾക്കേവം താളംചൊല്ലാൻ
നേരമെനിയ്ക്കില്ല, നേരററകൎത്തവ്യം
പാരമെന്മുന്നിൽക്കിടന്നിടുമ്പോൾ,

താരുണ്യസൂൎയ്യൻ നിറകതിർ വീശുമി-
സാരമാം കാലം സഫലമാക്കാൻ,
കൂട്ടരെ ! പാട്ടിലും വേണ്ടേ പുതുമ, യെൻ-
പാട്ടിന്റെ രീതിയും പുത്തനാക്കാം
മുന്നോട്ടു യോദ്ധർ കുതിച്ചുകയറുവാൻ
പിന്നിൽ ഞാൻ പാടും സമരഗാനം :

ആ ഗാനമാധുരി ആയിരം വീരരെ
സ്വാഗതംചെയ്യു മുന്നോട്ടുകേറും.

വന്ദനംചൊല്ലിപ്പറന്നിതക്കോകിലം
ഉന്നതമായിട്ടു മാശയൊപ്പം :”

*　　*　　*　　*　　*

പൗരസ്ത്യ യുദ്ധരംഗത്തു കേൾക്കായൊരു-
വീരാവേശതപമെഴുന്ന ഗാനം !

“മുന്നോട്ടു മുന്നോട്ടു കേറുവിൻ കേറുവിൻ,
വന്നുനില്ക്കുന്നു വിജയലക്ഷ്മി,
നിങ്ങളൊന്നാഞ്ഞു പൊരുതുവിൻ, ദേവിയാ-
മംഗലമാല്യമതിങ്ങു നൽകും :
യൂറോപ്പിൽ വെററി വരിച്ചുനാം, ഇങ്ങിനി
നേരമധികമെടുത്തുകൂടാ.

ഞാനേറെ നാളായ് പാടിയിട്ടാപ്രേമ-
ഗാനങ്ങൾ കൂട്ടരോടൊത്തുകൂടി-
നിങ്ങളൊന്നാഞ്ഞു പൊരുതുവിൻ പോകാനാ-
യങ്ങെന്റെ കേരള ജന്മഭൂവിൽ.”

നോക്കി കുയിലിനെ കൌതുകത്തോടവർ,
കാക്കിയുടുത്തവർ, തോക്കേന്തുന്നോർ :
പാടുക, പാടുക, വീണ്ടും നിൻ പാട്ടുകൾ-
ക്കൂടുവിട്ടെത്തിയ പൂങ്കുയിലെ !

പൊൻചിറകേന്തിയ തരംഗം മാതിരി
സഞ്ചരിയ്ക്കട്ടെ നിൻ ഗീതകങ്ങൾ,
മാദകാവേശദമോദപ്രദമവ
ഭേദിച്ചുയരട്ടെ യംബരാന്തം !



സുപ്രീം കമാണ്ടർ മൌണ്ട്ബാററൻ പ്രഭു, 14-ാം പടയുടെ നായകൻ ജനറൽ സ്ലിം, സഖ്യപക്ഷ കരസേനയുടെ നായകൻ സർ ഒലിവർ ലീസ്.

പക്ഷെ അതു മരണച്ചീററചാണെങ്കിൽ കുറച്ചുകൂടി രസമുണ്ട്. അതു നമ്മൾ കേൾക്കും. അതു കണ്ടു നമ്മുടെ മനസ്സലിയില്ല. മനുഷ്യൎക്കു എത്ര കണ്ടു വെറുപ്പുണ്ടാകാമോ അത്രമാത്രം വെറുപ്പു ഞങ്ങൾക്കുണ്ട്. നമ്മൾ ബർലിനിലെത്തുമ്പോൾ കീവിനെ മറക്കാതിരിക്കുക. നമ്മൾ ആ മൃഗത്തിന്റെ മടയിൽ എത്തുമ്പോൾ നമ്മുടെ പട്ടണങ്ങളെയും നഗരങ്ങളെയും മറക്കാതിരിക്കുക. നീപ്പർ നദിക്കു ഓഡർ നദി മറുപടി പറയും. ആ പന്നിയുടെ കണ്ഠത്തിൽനിന്നു മരണച്ചീററൽ പുറപ്പെടും.”

ഇതേ വാസ്തവംതന്നെയാണ് മിക്കെയിൽ ഷോളോക്കോവിന്റെ “അവർ അവരുടെ രാജ്യത്തിന്നുവേണ്ടി പൊരുതി” എന്ന നോവലിലെ ചില അദ്ധ്യായങ്ങളിലും പറയുന്നത്. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളിലൊരാളാണ് സിവിയാജിൻറിസേവ്. ഇയാൾ ഒരു ഡ്രൈവരായിരുന്നു. യുദ്ധത്തിൽ ടാങ്കിലേക്കല്ലാതെ കാലാൾപടയിലേക്കു തന്നെ എടുത്തതിനെ പററി പശ്ചാത്തപിക്കുന്നു. ചില ഉയൎന്ന കുന്നുകളിൽക്കൂടി ഉറക്കമില്ലാതെ കഷ്ടപ്പെട്ടു നടന്നു വരുമ്പോൾ അയാൾ തന്നത്താൻ യുദ്ധത്തെപ്പററി ചിന്തിച്ചു പറയുകയാണ്: “ഹാ, ജെറി (ജൎമ്മൻകാരൻ), ജെറി, നീ വല്ലാത്ത ഒരു ചീത്ത വിഷം തന്നെ. മറുരാജ്യങ്ങളെ പിടിക്കണമെന്ന ആഗ്രഹത്തിൽ നീ പഴകിപോയി. ഞങ്ങൾ ഈ യുദ്ധം നിന്റെ രാജ്യത്തു നടത്തുമ്പോൾ നീ എങ്ങിനെ വിചാരിക്കും? ഇന്നു നീ നിന്റെ പടച്ചാലിൽ ഒളിഞ്ഞിരുന്നു വായകൊണ്ടു വീണ വായിക്കുന്നു. പക്ഷെ അന്ന് നീ അതിനെ പററി മറക്കും. നീ നിന്റെ തലയുയൎത്തി ചന്ദ്രനെ കണ്ട നായയെപോലെ ഓളിയിടും. കാരണം മരണം നിന്റെ പിന്നിലുണ്ടായിരിക്കും. ശരി, ജറി, നീ ഞങ്ങൾക്കു ഇത്രമാത്രം കഷ്ടപ്പാടുണ്ടാക്കി. അഛനമ്മമാരില്ലാത്ത കുട്ടികളേയും വിധവകളായ സ്ത്രീകളെയും നീ സൃഷ്ടിച്ചു. ഞങ്ങളുടെ കടം തീൎക്കുവാനുള്ള വഴി ഞങ്ങൾ കണ്ടുപിടിക്കും.

“. . . . ആ ദിവസം കാണുവാൻ ഞാൻ ജീവിച്ചിരിക്കും. ജറി, ഞങ്ങൾ നിന്റെ ആ പാവനമായ രാജ്യത്തു തീയും പുകയുമായിവരുമ്പോൾ നീ എങ്ങിനെ നിലത്തു കിടന്നു ഇഴയുമെന്നും എങ്ങിനെ കണ്ണുനീർ തുടക്കുന്നു എന്നും കാണും. നിന്നോടുള്ള ആ ദേഷ്യം എന്നെ അതുവരെ ജീവിപ്പിക്കും. നിന്റെ അവസാനം എനിക്കു കാണണം. നിന്റെ കൂട്ടിൽ തന്നെ നിന്നെ കുഴിച്ചിടണം. അല്ലാതെ ഞങ്ങളുടെ രാജ്യാതിൎത്തിയിൽ അല്ല.”

ഇതു സോവിയററ് ഗ്രന്ഥകൎത്താക്കൾ യുദ്ധത്തിന്റെ ആദിമഘട്ടത്തിൽ ആ ഫാസിസ്റ്റ് ചെന്നായ്ക്കൾ മോസ്കോവിന്റെ പടിവരെഎത്തിയപ്പോൾ എഴുതിയതാണെന്ന് ഓൎക്കണം. സോവിയററു ലേഖകന്മാൎക്കല്ലാതെ മററാൎക്കും തന്നെ ഇത്രമാത്രം വിജയത്തിൽ വിശ്വാസത്തോടുകൂടി എഴുതുവാൻ സാധിച്ചിട്ടില്ല.

അവരുടെ തൂലിക സമരകാലത്ത് തോക്കായി മാറി.

ചെറുകഥ

# "സ്നേഹിതൻ"

വി. എം. ചന്ദ്രശേഖരൻ നായർ.

"ദേവൂ! നീ എന്താണിങ്ങിനെ മനോരാജ്യം കണ്ടുകൊണ്ടിരിക്കുന്നത്? ക്യാപ്റ്റൻ ദത്ത് അതാ, കാറുംകൊണ്ട് വന്നുകഴിഞ്ഞു. ഇന്ന് 'റാക്സിയിൽ' ഒന്നാംതരം ചിത്രമാണെന്നു പറഞ്ഞു. അതുകഴിഞ്ഞ് 'കണ്ണിമറായിൽ' 'ബാളിനും' പോകാം. നിന്നെക്കൂടെ ക്ഷണിക്കാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു"—വേഷമണിയലിന്റെ ബദ്ധപ്പാടിന്നിടയിൽ ഭാനുമതി ദേവകിയോടു പറഞ്ഞു.

ദേവകി തന്റെ സഖിയുടെ മുഖത്തേക്ക് സാരഗർഭമായി ഒന്നു നോക്കുകമാത്രം ചെയ്തു. ഭാനുമതി തുടർന്നു: "എന്താ നീ വരുന്നില്ലെന്നുണ്ടോ? ക്യാപ്റ്റൻ ദത്ത് എത്ര നല്ല മനുഷ്യനാണെന്നു അറിയാമോ? സ്ത്രീകളോടു എന്തു ബഹുമാനം. ഇതുപോലൊരു സ്നേഹിതനെ കിട്ടാൻ സുകൃതം ചെയ്യണം!"

"ഭാനു; നിന്റെ ഗതി അപഥത്തിലേക്കാണ്. നിന്റെ സ്വാതന്ത്ര്യം അതിർകവിയുന്നു. നിന്നോടു സ്നേഹമുള്ളതുകൊണ്ടാണ് ഇത്രയും പറഞ്ഞുപോയതു്. ക്ഷമിക്കൂ"—ദേവകി മറുപടി പറഞ്ഞു.

ഭാനുവിന്റെ അഭിമാനം ക്ഷതപ്പെട്ടു. അവളുടെ ഹൃദയത്തിനു താങ്ങാൻ കഴിയാത്തതായിരുന്നു ആ താക്കീതു്. ആ മൃദുലകപോലങ്ങളുടെ അരുണിമ വർദ്ധിച്ചു. കൺകോണുകളിൽനിന്ന് തീപ്പൊരി ചിതറി. അവൾ ആക്രോശിച്ചു,—"നീ എന്നെ ഉപദേശിക്കേണ്ട. എന്റെ കാര്യം നോക്കാൻ തക്ക തന്റേടം എനിക്കുണ്ട്. നിന്നെപ്പോലെ വെറും 'അന്തർജ്ജനമായി' ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്കു ജീവിക്കണം; അതെ—ജീവിതത്തിന്റെ മധുരിമ ആസ്വദിക്കണം. നീ നിന്റെ മുരട്ടുപിടിച്ച മാമൂലുകളിൽ തൂങ്ങിനിന്നു നരകിക്ക്."

ക്യാപ്റ്റൻ ദത്തിന്റെ അക്ഷമയുടെ കാഹളമെന്നോണം മോട്ടോർകാറിന്റെ ഹാറൺ മുഴങ്ങി. ഭാനുമതി ബദ്ധപ്പെട്ടു ചുണ്ടുകളിൽ ചെഞ്ചായം പുരട്ടി; മുഖത്തു പൌഡറണിഞ്ഞു; തോൾസഞ്ചിയുമെടുത്തുകൊണ്ട് 'കടകട' കോവണി ഇറങ്ങി, ഒരു കാട്ടാറിനെപോലെ കുതിച്ചുകൊണ്ട് അവളുടെ 'കൂട്ടുകാരന്റെ' സവിധത്തിലെത്തി. ഹൃദയഹാരിയായ ഒരു പുഞ്ചിരിയാൽ സ്വാഗതമരുളിക്കൊണ്ട് ക്യാപ്റ്റൻ കാറിന്റെ വാതിൽ തുറന്നുകൊടുത്തു.

ആ വാഹനം ചക്രവാളരേഖക്കപ്പുറം പോയി മറയുന്നതുവരെ ദേവകി അതിനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അവ്യക്തമായ ഒരു കദനഭാരത്താൽ അവളുടെ ഹൃദയം ഞെരിയുകയായിരുന്നു.

II

ഭാനുമതി W.A.C. (I)യിലെ ഒരു സാർജ്ജന്റാണ്. ആ ഉദ്യോഗം അവൾക്ക് വളരെ ഇഷ്ടപ്പെട്ടു. ജീവിതത്തിലെ ഓരോ നിമിഷവും കവനസാന്ദ്രമായി തോന്നി. അവളെ സംബന്ധിച്ചേടത്തോളം, ആഫീസ് സമയം ചിറകു വിടർത്തി പറന്നുപോവുകയാണ്. ആ കാക്കി യൂനിഫാറത്തിന്നിടയിൽക്കൂടെയും അവളുടെ സൌന്ദര്യം തലയുയർത്തിത്തന്നെ നിന്നു. ആഫീസിലെ ക്ലാർക്കുമാർക്കും ഉദ്യോഗസ്ഥന്മാർക്കും അവളോടു വിനോദം പറയുക എന്തൊരു രസമാണ്! അവൾ പോയിക്കഴിഞ്ഞാൽ ആ ആഫീസും പരിസരവും അന്ധകാരത്തിൽ ആഴുകയായി!

ഭാനുമതി 'മദിരാശി'യിൽ വന്നിട്ടു ആറുമാസത്തോളമായി. സീമയററ സ്വാതന്ത്ര്യം, ആ പെൺകിടാവിനെ ലഹരി പിടിപ്പിച്ചു. പ്രഭാപൂരിതമായ ഈ നവജീവിതത്തിൽനിന്നുകൊണ്ടു അവൾ അവളുടെ ജന്മഭൂമിയിലേക്കു ഒന്നു കണ്ണോടിച്ചു. ഹാ! കേരളം വെറും ഒരപരിഷ്കൃത ഭൂവിഭാഗമായി അവൾക്കു തോന്നി.

ദേവകി, അവളുടെ സദനത്തിലെ കൂട്ടുകാരിയാണ്: ആദർശങ്ങളിൽ ഒരിക്കലും ഇണങ്ങാത്ത രണ്ടു വ്യക്തികൾ; എങ്കിലും അവർ പരസ്പരം സ്നേഹിച്ചു. ദേവകി മദാസ് സൈനികാശുപത്രിയിലെ ഒരു ശുശ്രൂഷക (നേർസ്) ആയിട്ടാണ് വന്നതു്. അവളുടെ സ്വഭാവമഹത്വവും, ആതുരശുശ്രൂഷണത്തിലുള്ള ആത്മാർത്ഥതയും അവളെ പെട്ടെന്നു 'സിസ്റ്റർ' പദവിയിലേക്കുയർത്തി. മിന്നുന്ന രണ്ടു കനകതാരങ്ങൾ അവളുടെ മേലുടുപ്പിൽ സ്ഥലംപിടിച്ചു.

പരിശുദ്ധമായ ഒരാന്തരീകപ്രേരണയാണ് അവളെ ഈ ശുശ്രൂഷികാസ്ഥലത്തിലേക്കു ആകർഷിച്ചതു്. ഈശ്വരനെ സമീപിക്കുവാനുള്ള സുഗമമാർഗ്ഗം ഇതാണെന്നു അവൾക്കു തോന്നി. ദേവകിക്കു വയസ്സ് ഇരുപതേ ആയിട്ടുള്ളു. അകൃത്രിമസുന്ദരമായ ആ മുഖത്തു ഒരു ദിവ്യകാന്തി കളിയാടുന്നുണ്ടായിരുന്നു. രോഗികൾക്കും അവൾ ഒരു ദേവതയാണ്. കരുണാർദ്രമായ അവളുടെ സാന്ത്വനം മതി അവരുടെ ശാരീരിക വേദനകളെ വിസ്മരിപ്പിക്കുവാൻ.

ക്യാപ്റ്റൻ ദത്തു ദേവകിയുടെ ആശുപത്രിയിലെ ഒരു ഡാക്ടരാണ്. ദേവകിയുടെ ആകാരസൂക്ഷമയാൽ അദ്ദേഹം ആകൃഷ്ടനായിപ്പോയെങ്കിൽ അതു കേവലം ക്ഷന്തവ്യമായ ഒരപരാധം മാത്രം! സമുദായത്തിന്റെ ഉപരിതലത്തിൽ സഞ്ചരിക്കുന്ന വിശിഷ്ടജീവികൾക്കുള്ള സ്വാതന്ത്ര്യാവബോധത്തോടെ അദ്ദേഹം അവളെ സമീപിച്ചു. പക്ഷെ പ്രലോഭനങ്ങളുടെ തിരമാലകൾക്ക് തകർക്കാൻ കഴിയാത്ത ഒരു ശിലാഖണ്ഡമായിട്ടാണ് ആ പെൺകിടാവിന്റെ ഹൃദയം കാണപ്പെട്ടതു്. മലീമസചിന്തകളാൽ ആയാളുടെ ഹൃദയം പരവശപ്പെട്ടെങ്കിലും മര്യാദയുടെ സീമവിട്ടു ഒരുവാക്കുപോലും പറയാൻ അയാൾക്കു ധൈര്യമുണ്ടായില്ല.

ആശുപത്രിയിലെ ജോലി തീർന്നാൽ ദേവകി നേരെ സദനത്തിലേക്കു പോരും. സായാഹ്നസവാരിക്കും ചലച്ചിത്രത്തിന്നും ഒന്നും അവൾ പോകാറില്ല. അവളുടെ വിശ്രമാവസരങ്ങൾ ഒന്നുകിൽ സൽഗ്രന്ഥപാരായണത്തിൽ ചിലവഴിക്കും. അല്ലെങ്കിൽ, അതിനടുത്തു ദരിദ്രരായ കൂലിക്കാർ താമസിക്കുന്ന കുടിലുകളിൽ പോയി ആ സാധുസ്ത്രീകൾക്ക് ശുചിത്വത്തിന്റെ പ്രാഥമികപാഠങ്ങൾ ഉപദേശിച്ചു കൊടുക്കുന്നതിൽ വിനിയോഗിക്കും. ആ പാവപ്പെട്ട കുട്ടികളെ ചേർത്തു അവൾ പലവിധ കളികൾ കളിപ്പിക്കും. ദേവകിയുടെ ശമ്പളത്തിലെ ഭീമഭാഗവും ആ കുട്ടികൾക്കു ചെറുസമ്മാനങ്ങൾ മേടിച്ചുകൊടുക്കുന്നതിൽ അവൾ വിനിയോഗിക്കുക പതിവാണ്.

ഒരു സായാഹ്നത്തിൽ ദേവകിയെ ഒരു നോക്കു കാണാനുള്ള ഉൽക്കണ്ഠയോടെ ക്യാപ്റ്റൻ ദത്ത് അവളുടെ സദനത്തിനു മുൻവശം ഉലാത്തുകയായിരുന്നു. അപ്പോഴാണ് യാദൃച്ഛികമായി ഭാനുവുമായി പരിചയപ്പെടാനിടയായതു്. ആ ദിവസംതന്നെ അവൾ ആ കോമളനായ യുവാവൊന്നിച്ചു സിനിമക്കുപോകാൻ സന്നദ്ധയായി. അന്നുമുതൽ അവരുടെ മൈത്രി അനുനിമിഷം വർദ്ധിച്ചുവന്നു.

III

'പ്രപഞ്ചം, മോഹനമായ സായന്ദ്യുതിയിൽ പുളകമണിഞ്ഞു നില്ക്കുകയാണ്. സദനത്തിന്റെ മുകളിലത്തെ നിലയിലെ വരാന്തയിലിരുന്നുകൊണ്ട് ദേവകി ആ പ്രകൃതി സൌന്ദര്യം കണ്ടാനന്ദിക്കുകയായിരുന്നു. 'ഫിലിം ഇന്ത്യ'യുടെ ഒരു വിശേഷാൽപ്രതി നോക്കിക്കൊണ്ട് ഭാനുമതിയും സമീപത്തു ഒരു ചാരുകസാലയിൽ ഇരിക്കുന്നുണ്ട്.

ആ പ്രശാന്തതയെ ഭഞ്ജിച്ചുകൊണ്ടു ഭാനുമതി ചോദിച്ചു, "നിനക്കിങ്ങനെ ആശുപത്രിയും ഈ മുറിയുമായി കഴിയുന്നതിൽ മുഷിവു തോന്നുന്നില്ലേ? എന്തു വിരസമായ ജീവിതമാണ് നിന്റേതു്!"

"എനിക്കു ഈ ജീവിതത്തിൽ ഒരു വിരസതയും തോന്നുന്നില്ല. അവർണ്ണനീയമായ ഒരാനന്ദം മാത്രമാണ് അനുഭവപ്പെടുന്നതു്," ദേവകി ഉത്തരം നൽകി.

ഭാനുമതി തുടർന്നു: "ഈ ആശുപത്രിയിലെ ജോലി എന്തറപ്പുതോന്നിക്കുന്നതാണ്! വേദനയും കണ്ണുനീരും കണ്ട് ഹൃദയം മരവിച്ചുപോകുകയില്ലേ? ഹാ! എത്ര മരണത്തിനു സാക്ഷി നില്ക്കണം!

ദേവകി പ്രതിവാദിച്ചു: "വേദനയും കണ്ണുനീരും സ്ത്രീഹൃദയത്തെ മരവിപ്പിക്കുകയില്ല, ദ്രവിപ്പിച്ചു പരിശുദ്ധമാക്കുകയാണ് ചെയ്യുന്നതു. അനേകമരണങ്ങൾക്കു സാക്ഷിനില്ക്കുന്നതുകൊണ്ട് ജീവിതത്തിന്റെ നശ്വരതയെപ്പററിയുള്ള ബോധം നമുക്കുണ്ടാകുന്നു."

ഭാനുമതി: "അതിരിക്കട്ടെ; നിന്റെ അച്ഛന്റെ കത്തിനു നീ മറുപടി അയച്ചോ? ഈ വിവാഹാലോചനയെ നീ തിരസ്കരിക്കരുതു്. ഇതുപോലൊരു നല്ലവരനെ കിട്ടാൻ പ്രയാസമാണ്.

ദേവകി ശാന്തമായി മറുപടി പറഞ്ഞു: "ഞാൻ ഇപ്പോൾ വിവാഹത്തെപ്പററി ആലോചിക്കുന്നേ ഇല്ല. ഈ ജീവിതം സുഖാനുഭോഗങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല. മാതൃഭൂമിയുടെ സേവനത്തിനുവേണ്ടി അർപ്പിക്കാത്ത ജീവിതം വിഫലമാണ്. നമ്മുടെ നാട്ടിലെ പുരുഷസന്താനങ്ങൾ വിദൂരരണാങ്കണങ്ങളിൽ കിടന്നു പടവെട്ടുന്നു. അവരുടെ ആതുരാവസ്ഥയിൽ അവരെ ശുശ്രൂഷിക്കുക നമ്മുടെ കടമയാണ്. സ്ത്രീയുടെ നാവിൽനിന്നുള്ള സ്നേഹപൂർണ്ണമായ ഒരു വാക്കിനുവേണ്ടി ആ പാവങ്ങൾ പൈദാഹപ്പെടുന്നുണ്ടായിരിക്കും. ഞാൻ സമുദ്രത്തിനപ്പുറമുള്ള സേവനത്തിനുവേണ്ടി ഒരു മാററം ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടുകയാണെങ്കിൽ താമസിയാതെ ഇവിടം വിട്ടുപോകും."

ഏതാനും നിമിഷനേരത്തേക്ക് ഒരു നിശ്ശബ്ദത അവിടെയെങ്ങും വ്യാപിച്ചു. വിദൂരചക്രവാളത്തിൽനിന്നും അന്തിനക്ഷത്രം ഉദിച്ചുയർന്നു.

ഭാനുമതിവീണ്ടും സംഭാഷണം ആരംഭിച്ചു: "ദേവൂ! നിന്റെ ആശയങ്ങളെല്ലാം ഇത്ര സമുന്നതമായിരുന്നിട്ടും നീ എന്താണ് സ്ത്രീസ്വാതന്ത്ര്യത്തെ അപലപിക്കുന്നതു്? നീ എപ്പോഴും എന്നെ വിമർശിക്കാറുണ്ടല്ലോ."

ദേവകി മറുപടി പറഞ്ഞു: "ഭാനൂ, ക്ഷമിക്കൂ! ഞാൻ സ്ത്രീസ്വാതന്ത്ര്യത്തെ അപലപിക്കുന്നില്ല. പക്ഷെ, കണ്ണിൽ കാണുന്ന പുരുഷന്മാരോടെല്ലാം അലഞ്ഞു നടക്കുന്നതും, രാത്രിയുടെ നീണ്ടനീണ്ട യാമങ്ങൾ അവരൊന്നിച്ച് സിനിമാഹാളിലും നർത്തകശാലയിലും കഴിഞ്ഞുകൂടുന്നതും, ഉടുപ്പിലും നടപ്പിലും എല്ലാം വിദേശീയരെ അനുകരിക്കുന്നതും—ഇതൊന്നും സ്വാതന്ത്ര്യത്തിന്റെ നിർവ്വചനത്തിൽ ഉൾക്കൊള്ളുന്നു എന്ന് ഞാൻ വിശ്വസിക്കുന്നില്ല. നാം ഉദ്യോഗത്തിനു പോകണം. പുരുഷനോടുള്ള സാമ്പത്തികപരാശ്രയത്വത്തിൽനിന്നും രക്ഷപ്പെടണം. പക്ഷെ, നിയതി നമ്മെ ഏല്പിച്ചിരിക്കുന്ന മഹാധനം—സ്ത്രീത്വം—അതു വിസ്മരിച്ചുകളയരുതു്."

ഭാനുമതി വീണ്ടും ചോദിച്ചു: പാശ്ചാത്യരാജ്യങ്ങളിലെ സ്ത്രീകൾ ഈ സ്വാതന്ത്ര്യങ്ങളെല്ലാം അനുഭവിക്കുന്നില്ലേ? തുർക്കിയിലെ ആ മഹാനായ പരിഷ്കർത്താവു—കെമാൽ—അവിടത്തെ പെൺകിടാങ്ങളെ യുവാക്കന്മാരായ സൈനികോദ്യോഗസ്ഥന്മാരൊന്നിച്ച് നൃത്തം ചെ




"ഇനിയത്തെ ഊഴം നിൻേറതാണു്."

സ്ഥാൻ പ്രേരിപ്പിക്കുകമാത്രമല്ല, നിർബ്ബന്ധിക്കുക കൂടെ ചെയ്യില്ലേ? ആ രാജ്യത്തിൻെറ പുനഃസ്സംവിധാനത്തിൽ സ്ത്രീകളല്ലേ വലിയൊരു പങ്കു വഹിച്ചതു്? പുരുഷൻെറ സാഹചര്യത്തിൽനിന്നു് സ്ത്രീ ഭയന്നു മാറി നില്ക്കേണ്ട ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. പക്ഷെ, സ്വാതന്ത്ര്യത്തിനും ദുഃസ്സ്വാതന്ത്ര്യത്തിനും ഇടക്കുള്ള നേരിയ രേഖ ഏതാണെന്നു അവർക്കു അറിയാമായിരിക്കണം."

ദേവകി പ്രതിവദിച്ചു: "തുർക്കിയും കേരളവുമായി വളരെ വ്യത്യാസമുണ്ടു്. നമ്മുടെ സംസ്കാരവും സാന്മാർഗ്ഗികബോധവും, പുരാതനമെങ്കിലും പാവനമായ ഒരടിസ്ഥാനത്തിന്മേൽ കെട്ടിപ്പടുത്തിട്ടുള്ളതാണു്. പരിഷ്കൃതരാജ്യങ്ങളെ നാം അനുകരിക്കണം. പക്ഷെ അതിൻെറ സത്തയെമാത്രമേ സ്വീകരിക്കാവൂ. നാം ഏതു ദിക്കിൽ താമസിച്ചാലും നമ്മുടെ കേരളീയത്വത്തിനെ ബലികഴിക്കരുതു്. രാഷ്ട്രത്തിൻെറ പുനഃസ്സംവിധാനത്തിൽ തീർച്ചയായും നമുക്കൊരു പങ്കുണ്ടു്. പക്ഷെ, പാനാഗാരത്തിലും നർത്തകശാലയിലുംകൂടെയല്ല അതു സാധിക്കേണ്ടതു."

അതാ! ക്യാപ്റ്റൻ ദത്തിൻെറ മോട്ടോർകാറിൻെറ കാഹളം. ഭാനുമതി കോവണി ഇറങ്ങിക്കഴിഞ്ഞു. "സെൻറ്തോം" പള്ളിയിലെ മണി പന്ത്രണ്ടടിച്ചു. അവസാനത്തെ 'ട്രാം' വണ്ടിയും പോയിക്കഴിഞ്ഞു. ജീവചൈതന്യം കരകവിഞ്ഞൊഴുകിക്കൊണ്ടിരുന്ന ആ ഗംഭീര നഗരി പ്രശാന്തനിദ്രയിലാണ്ടു.

ക്യാപ്റ്റൻ ദത്തും ഭാനുമതിയും നർത്തകശാലയിൽനിന്നും മടങ്ങുകയാണു്. അവർ ആ വിജനമായ രാജപാതയിൽകൂടെ, കൈകോർത്തു പിടിച്ചു്, സരസസംഭാഷണതരംഗങ്ങളിൽ ആടിയാടി വരുകയായിരുന്നു. ക്യാപ്റ്റൻ പെട്ടെന്നു് സംഭാഷണം വേറൊരു വഴിക്കു തിരിച്ചു. "ഭാനൂ, ഇന്നിനി സദനത്തിൽ പോകാൻ വിഷമമാണു്. നോക്കൂ; 'ടാക്സി'കളെല്ലാം പോയിക്കഴിഞ്ഞു. വിരോധമില്ലെങ്കിൽ, എൻെറ വസതി ഇതിനടുത്താണു്. ഇന്നവിടെ താമസിക്കാം."

ഭാനുമതി ഒന്നു ഞെട്ടി. ഒരവിവാഹിതയുവാവൊന്നിച്ചു് ഒരു ഗൃഹത്തിൽ ഒരു രാത്രി കഴിയുക! അവൾ അമ്പരന്നു. പക്ഷെ ക്യാപ്റ്റൻ ദത്തിൻെറ കറയററ സ്വഭാവത്തിലും, അവളുടെ തൻേറടത്തിലും അവൾക്കു വിശ്വാസമുണ്ടായിരുന്നു. മാത്രമല്ല, ആ ക്ഷണം നിരസിക്കുക ഭീരുത്വമാണെന്നും അവൾക്കു തോന്നി.

അഞ്ചാറു നിമിഷംകൊണ്ടു് അവർ ദത്തിൻെറ ഏകാന്തവസതിയിലെത്തി. മുകളിലേക്കുള്ള കോവണി കയറിയപ്പോൾ ഭാനുവിൻെറ ഹൃദയത്തുടിപ്പു് വ്യക്തമായി കേൾക്കാമായിരുന്നു.

മനോഹരമായി അലങ്കരിച്ചിട്ടുള്ള ഒരു മുറിയിലാണു് അവർ പ്രവേശിച്ചതു്. മേശപ്പുറത്തു ചില ഭക്ഷണസാധനങ്ങൾ ഇരിപ്പുണ്ടായിരുന്നു. അവർ രണ്ടു പേരും ഒരുമിച്ചു് ഭക്ഷണത്തിന്നിരുന്നു. ക്യാപ്റ്റൻ ഒരു കുപ്പിയിൽനിന്നു് കുറെ "വൈൻ" പകർന്നു ഭാനുമതിക്കു നീട്ടി. അവൾ ആദ്യം അതു നിരസിച്ചു. ഒടുവിൽ അവൾ തൻെറ സ്നേഹിതൻെറ നിർബ്ബന്ധത്തിനു വഴങ്ങി, ആ മാദകപേയം വേണ്ടുവോളം ഉള്ളിലാക്കി. ഭക്ഷണാനന്തരം അവളുടെ കൂട്ടുകാരൻ അവളെ വേറൊരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ആ മുറിയിലേക്കു പ്രവേശിക്കുമ്പോൾതന്നെ ഒരു വലിയ നിലക്കണ്ണാടിയിൽ അവളുടെ രൂപം പ്രതിബിംബിച്ചു കണ്ടു. താരുണ്യം തുളുമ്പി നില്ക്കുന്ന അവളുടെ അംഗസൗഷ്ഠവംകണ്ടു് അവൾ സ്വയം അഭിമാനിച്ചു. അവൾ ആ മുറിയുടെ ചുവരുകളിലേക്കു് ഒന്നു കണ്ണോടിച്ചു. മുഴുവൻ നഗ്നങ്ങളും അർദ്ധനഗ്നങ്ങളുമായ ചിത്രങ്ങൾകൊണ്ടു് നിറച്ചിരിക്കുന്നു. ഭാനുവിൻെറ തല കറങ്ങി. ക്യാപ്റ്റൻ ആ യുവതിയുടെ ഭുജത്തിൽ കൈവച്ചു. അവളുടെ സാരിത്തുമ്പു് അവൾ അറിയാതെ തന്നെ വഴുതി നിലത്തു വീണു.

*   *   *

പുലരിക്കുമുമ്പ് ഭാനുമതി സദനത്തിലെത്തി. പക്ഷെ ദേവകിയിൽനിന്നു് അവൾ ഒഴിഞ്ഞു മാറിനിന്നു. ആ മുഗ്ദ്ധയുടെ മുഖത്തു നോക്കാനുള്ള ധൈര്യം അവൾക്കുണ്ടായില്ല. അന്നു വൈകുന്നേരവും ക്യാപ്റ്റൻ കാറുംകൊണ്ടു വന്നിരുന്നു. പക്ഷെ അവൾ പോയില്ല. പൂർവ്വരാത്രിയിലെ സംഭവങ്ങളുടെ സ്മരണ ഒരു ധൂമിക പോലെ അവളുടെ ഹൃദയത്തെ ആവരണം ചെയ്തുനിന്നു. സ്വാതന്ത്ര്യത്തിനും ദുഃസ്സ്വാതന്ത്ര്യത്തിനും ഇടയ്ക്കുള്ള ആ നേരിയ രേഖ വളരെ ദുർബ്ബലമാണെന്നു അവൾക്കു ബോദ്ധ്യപ്പെട്ടു.

ദിവസങ്ങൾ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. ഭാനുമതിയുടെ ജീവിതത്തിന്നു ചുററും ഒരു കരിനിഴൽ വ്യാപിച്ചു. മന്ദഹാസം ആ മുഖകമലത്തിൽനിന്നും മാറിമറഞ്ഞു. അവൾ ഗർഭിണിയാണു്. അവളുടെ ധൈര്യം അവളെ കൈവെടിഞ്ഞു. ഭാനുവിനു് ലോകം അന്ധകാരമയമായി തോന്നി. പക്ഷെ ഒരേ ഒരു ദീപനാളം അവൾക്കു താങ്ങും തണലുമായി നിലകൊണ്ടു— ദേവകി!

-ശുഭം-

## ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണു്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണു്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ.)

## മാഞ്ഞുമറയുന്ന ജാപ്പ സാമ്രാജ്യം




ഈ പടത്തിൽ കാണുന്ന പല ദ്വീപുകളും സ്ഥലങ്ങളും സഖ്യശക്തികൾ തിരിച്ചു പിടിച്ചുകഴിഞ്ഞു. പല പ്രദേശങ്ങളിലും ഇപ്പോഴും യുദ്ധം നടന്നുവരുന്നു. സഖ്യസേനകൾ കൈപ്പററിയ സ്ഥലങ്ങൾ ജാപ്പുകൾക്കു "തലവേദന" യുണ്ടാക്കിക്കൊണ്ടിരിക്കുന്ന മർമ്മസ്ഥാനങ്ങളാണ്. കൂടാതെ അവിടങ്ങളിലെ വിഭവങ്ങൾ നഷ്ടപ്പെട്ടതു് ജാപ്പ യുദ്ധയന്ത്രത്തിൻെറ ഗതിക്കു ഒരു വമ്പിച്ച വിഘാതവുമായിത്തീർന്നിട്ടുണ്ടു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.